# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

2019
ഫെബ്രുവരി
വാല്യം 12 | ലക്കം 02
Annual Subscription ₹ 60.00



# ബഹു.പീറ്റർ നെൽസൺ അച്ചന്റെ
# പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം



ബഹു. പീറ്റർ നെൽസൺ അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷവേളയിൽ അഭിവന്ദ്യരായ സെബാസ്റ്റ്യൻ തെക്കതേച്ചേരിൽ പിതാവും പോൾ ആന്റണി മുല്ലശ്ശേരി പിതാവും



വിജയപുരം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ അംബ്രോസ് അബസോള പിതാവിൽ നിന്നും റവ.ഫാ. പീറ്റർ നെൽസൺ പൗരോഹിത്യം സ്വീകരിക്കുന്നു. ഇപ്പോൾ ദൈവദാസനായി പ്രഖ്യാപിക്കപ്പെട്ട കൊല്ലം ബിഷപ്പ് അഭിവന്ദ്യ ജെറോം ഫെർണാണ്ടസ് പിതാവ് സമീപം. (19-12-1968)

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**FEBRUARY 2019**
**Vol.12 • No.2**
REGISTERED NEWSPAPER
Reg.No. KERMAL/2008/24745

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055

Editorial Board



## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ:
**സ്നേഹം നിറഞ്ഞ കുടുംബങ്ങളിലൂടെ ലോകം ദൈവരാജ്യമായി പരിണമിക്കട്ടെ**

5 **രൂപതാ കാര്യാലയത്തിൽ നിന്ന്**

6 **മദ്യവിരുദ്ധ ഞായർ** (കെസിബിസി സർക്കുലർ)

10 **ഏറ്റുപറച്ചിൽ** (കവിത)

11 **2019 ഫെബ്രുവരി 10 തിരുബാലസഖ്യദിനം** (കെസിബിസി സർക്കുലർ)

15 **നിഴൽ : ഭയമോ? സൗഖ്യമോ?**

17 **ബഹു. സിസ്റ്റേഴ്സിന്റെ ക്രിസ്മസ് ആശംസകൾ**

20 **ഇടവകവാർത്തകൾ**

23 **സംഘടനാവാർത്തകൾ**

28 **വി.എസ്.എസ്.എസ്. വാർത്തകൾ**

32 *Postinfo*

34 **അഭിവന്ദ്യ പിതാവിന്റെ ഫെബ്രുവരി മാസ പരിപാടികൾ**

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

EDITORIAL

# സ്നേഹം നിറഞ്ഞ കുടുംബങ്ങളിലൂടെ ലോകം ദൈവരാജ്യമായി പരിണമിക്കട്ടെ

ഫെബ്രുവരി 14 ന് ലോകമെമ്പാടും 'വലന്റൈൻസ് ഡേ' കൊണ്ടാടുകയാണ്. സ്നേഹത്തിന്റെയും കുടുംബങ്ങളുടെയും തിരുനാളാണ് വലന്റൈൻസ് ഡേ. ക്രിസ്തുവർഷം 175-ൽ ജനിച്ച് 259-ൽ സ്നേഹത്തെ പ്രതിയും ക്രിസ്തുവിനെ പ്രതിയും രക്തസാക്ഷിത്വം വരിച്ച ക്രൈസ്തവ പുരോഹിതനാണ് വിശുദ്ധ വലന്റൈൻ. റോമൻ ചക്രവർത്തിയായിരുന്ന ക്ളൗദിയൂസ് രണ്ടാമന്റെ കാലത്താണ് അദ്ദേഹം ജയിലിലടക്കപ്പെട്ടതും ശിരച്ഛേദം ചെയ്യപ്പെട്ട് രക്തസാക്ഷിത്വം വരിച്ചതും. ക്ളൗദിയൂസ് ഒരു യുദ്ധക്കൊതിയനായിരുന്നു. അതിന് കൂടുതൽ പട്ടാളക്കാരെ ആവശ്യമായിരുന്നു. എന്നാൽ വിവാഹിതരായി കുടുംബജീവിതം നയിച്ചവർ പട്ടാളത്തിൽ ചേരാൻ തയ്യാറായില്ല. അതു മനസിലാക്കിയ ചക്രവർത്തി വിവാഹത്തെ വിലക്കി കല്പനയിട്ടു. അവിവാഹിതരെല്ലാം വിവാഹം കഴിക്കാതെ പട്ടാളത്തിൽ ചേരണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. പുരോഹിതനായിരുന്ന വലന്റൈൻ അതു വകവക്കാതെ പ്രേമബദ്ധരായി തന്നെ സമീപിച്ച അനേകരുടെ വിവാഹം ആശീർവ്വദിച്ചു കൊടുത്തു. അതറിഞ്ഞ് കുപിതനായ ചക്രവർത്തി അദ്ദേഹത്തെ അറസ്റ്റ് ചെയ്തു ജയിലിലാക്കി. ക്രൈസ്തവ വിശ്വാസമായിരുന്നു വലന്റൈനു പ്രചോദനമേകിയതെന്നു മനസ്സിലാക്കിയ ചക്രവർത്തി ക്രൈസ്തവ വിശ്വാസം ത്യജിച്ച് വിഗ്രഹങ്ങളെ പൂജിക്കാൻ വലന്റൈനെ നിർബന്ധിച്ചു. വലന്റൈൻ അതിനു വഴങ്ങിയില്ല എന്നു മാത്രമല്ല ക്ളൗദിയുസിനെ തന്നെ ക്രൈസ്തവ വിശ്വാസത്തിലേക്ക് മാനസാന്തരപ്പെടുത്താനും ശ്രമിച്ചു ക്ളൗദിയൂസ് മാനസാന്തരപ്പെട്ടില്ല എന്നു മാത്രമല്ല വലന്റൈനെ കഴുത്തറുത്തു കൊല്ലുവാൻ കല്പനയിട്ടു. അങ്ങനെ സ്നേഹത്തെ പ്രതിയും ക്രിസ്തുവിനെ പ്രതിയും രക്തസാക്ഷിയായിത്തീർന്ന വലന്റൈനെ ക്രിസ്തുവർഷം 496-ൽ സെലാസിയുസ് പാപ്പ വിശുദ്ധനായി വിളംബരം ചെയ്യുകയും അദ്ദേഹം കൊല്ലപ്പെട്ട ഫെബ്രുവരി 14 അദ്ദേഹത്തിന്റെ തിരുനാൾ ദിനമായി നിശ്ചയിക്കുകയും ചെയ്തു. അങ്ങനെയാണ് ഫെബ്രുവരി 14 വലന്റൈൻസ് ഡേ ആയത്. വിവാഹത്തിന്റെയും അതിനു നിദാനമായി നിലകൊള്ളുന്ന പ്രേമബദ്ധമായ സ്നേഹത്തിന്റെയും പേരിൽ രക്തസാക്ഷിത്വം വരിച്ച വിശുദ്ധ വലന്റൈൻ നമ്മുടെ എല്ലാ കുടുംബങ്ങൾക്കും വിവാഹിതരാകാൻ ഒരുങ്ങുന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കട്ടെ.

ഇന്നത്തെ ലോകത്തിൽ വലിയ വെല്ലുവിളി നേരിടുന്ന കൂദാശയാണ് വിവാഹം. സ്നേഹിക്കാനും ജീവനേകാനുംവേണ്ടി ദൈവം സ്ഥാപിച്ച വിവാഹത്തെ പലരും ഒഴിവാക്കുന്നു. വിവാഹിതരായവർ വിവാഹമോചനം തേടുന്നു. വിവാഹ ജീവിതത്തിൽ കഴിയുന്നവർ പരസ്പരം ഹൃദയം തുറന്നു സ്നേഹിക്കാതെയും, മക്കൾക്ക് ജന്മം കൊടുക്കാൻ മുതിരാതെയും നിലകൊള്ളുന്നു. വിവാഹം ദൈവിക ജീവിതമാണെന്നും, അത് നമ്മെ അനുഗ്രഹിക്കാൻ വേണ്ടിയുള്ള ദൈവത്തിന്റെ പ്രവർത്തനമാണെന്നും

ശേഷം പേജ് 5-ൽ

# രൂപതാ കാര്യാലയത്തിൽ നിന്ന്

## വൈദികരുടെ ത്രൈമാസ സമ്മേളനം

2019 ഫെബ്രുവരി 20,21 തീയതികളിൽ വൈദികരുടെ ത്രൈമാസ സമ്മേളനം വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെടുന്നു. 20-ാം തീയതി വൈകുന്നേരം 6 മണിക്ക് ആരംഭിക്കും. ബഹു. വൈദികർ എല്ലാവരും സംബന്ധിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

*വികാരി ജനറാൾ*

## 10-ാം പാസ്റ്ററൽ കൗൺസിൽ

രൂപതയുടെ 10-ാം പാസ്റ്ററൽ കൗൺസിലിന്റെ ഉദ്ഘാടനവും പ്രഥമ സമ്മേളനവും വിമലഗിരി പാസ്റ്ററൽ സെന്ററിൽ 2019 ഫെബ്രുവരി 9ന് നടത്തപ്പെടുന്നു. രാവിലെ 10.00 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. അംഗങ്ങൾ എല്ലാവരും സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*വികാരി ജനറാൾ*



## സുവർണ്ണ ജൂബിലി മംഗളങ്ങൾ

പൗരോഹിത്യ ജീവിതത്തിൽ സ്തുത്യർഹമായ സേവനത്തിന്റെ 5 പതിറ്റാണ്ടുകൾ പൂർത്തിയാക്കി സുവർണ്ണ ജൂബിലിയുടെ നിറവിലായിരിക്കുന്ന **ബഹു. പീറ്റർ നെൽസൺ അച്ചന്** ഹൃദയപൂർവ്വമായ ജൂബിലി മംഗളങ്ങളും പ്രാർത്ഥനാശംസകളും അർപ്പിക്കുന്നു. ഹാർദ്ദമായ അനുമോദനങ്ങൾ.

---

ബോദ്ധ്യപ്പെടാം. മനുഷ്യവർഗ്ഗത്തിന്റെ നിലനില്പിനും, മനുഷ്യവ്യക്തികളുടെ സംരക്ഷണത്തിനും വളർച്ചക്കും ജീവിതപ്രശ്നങ്ങളുടെ പരിഹാരത്തിനും വേണ്ടി ദൈവത്താൽ സംവിധാനം ചെയ്യപ്പെട്ടതാണ് കുടുംബങ്ങളെന്ന് ബോദ്ധ്യപ്പെടാം. അങ്ങനെ നല്ല കുടുംബങ്ങളുണ്ടാകാൻ നമുക്കു പ്രാർത്ഥിക്കാം. സ്നേഹത്താൽ നിറഞ്ഞ കുടുംബങ്ങളിലൂടെ ദൈവസ്നേഹം ലോകമെമ്പാടും പ്രസരിക്കട്ടെ. സ്നേഹം നിറഞ്ഞ ദൈവരാജ്യമായി നമ്മുടെ ലോകം പരിവർത്തനപ്പെടട്ടെ.

ചീഫ് എഡിറ്റർ

# മദ്യവിരുദ്ധ ഞായർ, 2019 മാർച്ച് 10

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

2019 മാർച്ച് മാസം 10-ാം തീയതി മദ്യവിരുദ്ധ ഞായറായി കേരള കത്തോലിക്കാ സഭ ആചരിക്കുകയാണല്ലോ. വലിയ നോമ്പിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് മദ്യ വിരുദ്ധ ഞായറായി ആചരിച്ചു വരുന്നത്. പ്രാർത്ഥനയ്ക്കും പരിത്യാഗപ്രവൃത്തിക ൾക്കും ജീവിത നവീകരണത്തിനുമായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന വലിയ നോമ്പു കാലത്ത് മദ്യവിരുദ്ധ ഞായർ ആചരിക്കുന്നത് വളരെ പ്രസക്തമാണ്. തഴക്കദോഷങ്ങ ളിലും ദുഃശീലങ്ങളിലും തിന്മയുടെ സാഹചര്യങ്ങളിലും നിന്ന് വഴി മാറി നടക്കു വാൻ നോമ്പുകാലം ഓരോ വിശ്വാസിയെയും പ്രത്യേകമായി ഈ കാലഘട്ടത്തിൽ ഓർമ്മിപ്പിക്കുന്നു. അതിനാൽത്തന്നെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പുകയി ലയുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപയോഗത്തിൽനിന്ന് പൂർണമായും പിന്തി രിയുവാൻ തീരുമാനം എടുക്കാനുള്ള ഉചിതമായ കാലവുമാണിത്. കുടുംബത്തെയും സമൂഹത്തെയും വികലമാക്കുന്ന മദ്യത്തിനും ഇതര ലഹരികൾക്കുമെതിരേ ശക്ത മായ ആത്മീയ പോരാട്ടവും ഭൗതികമായ ജാഗ്രതയും ഈ നോമ്പുകാലത്തിന്റെ ഭാഗ മാകണം.

ആധുനിക തലമുറയെ കടന്നാക്രമിക്കുന്ന, അവരുടെ യുവത്വത്തിന്റെ ചൈത ന്യത്തെ തകർത്തുകളയുന്ന ലഹരി വസ്തുക്കൾ പൂർണമായും ഉപേക്ഷിക്കാനും ലഹ രിക്കെതിരേ ശക്തമായ പോരാട്ടം നടത്തുവാനും അതുവഴി ലഹരിവിരുദ്ധ സമൂഹ ത്തിന് രൂപം നല്കാനുമുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരള കത്തോലിക്കാ സഭ ലക്ഷ്യംവയ്ക്കുന്നത്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും മറ്റു ലഹരിവസ്തുക്കളുടെയും ഉപയോഗം ഭീതിജനകമാംവിധം വർദ്ധിച്ചുവരുന്ന സാഹ ചര്യമാണുള്ളത്. ലഹരിവസ്തുക്കളുടെ അനിയന്ത്രിത ഉപയോഗം കുടുംബബന്ധങ്ങളെ തകർക്കുന്ന അനുഭവം സാധാരണമായിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ, മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ലഭ്യതയും ഉപയോഗവും കുറയ്ക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ സഭ ഏറ്റെടുക്കുന്നത് സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായാണ്. ലഹരി വിരുദ്ധ സമൂഹ രൂപീകരണത്തിലൂടെ സാമൂഹ്യനന്മ സംജാത മാകണമെന്നതാണ് കേരള കത്തോലിക്കാസഭയുടെ ആഗ്രഹം.

വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും സാമ്പത്തിക നിലവാരത്തിലും ആരോ ഗ്യപരിപാലന രംഗത്തും അദ്വിതീയമായ നേട്ടങ്ങൾ കൈവരിച്ച കേരള സമൂഹം, ലോക ജനതയുടെ പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്. എന്നാൽ, മദ്യത്തോടും പുകയില യോടും ലഹരിവസ്തുക്കളോടുമുള്ള വർദ്ധിച്ചുവരുന്ന ആസക്തി, അതിന്റെ പരിണി ത ഫലമായുണ്ടായ അനാരോഗ്യ സാഹചര്യങ്ങൾ, ധാർമ്മികാധഃപതനത്തെ എടു ത്തുകാണിക്കുന്ന ദൗർഭാഗ്യകരമായ സംഭവങ്ങൾ, സാമ്പത്തികതകർച്ച നേരിടുന്ന കുടുംബങ്ങൾ എന്നിവ കേരള തനിമയുടെയും ആത്മീയതയുടെയും നിറം കെടുത്തു കയും കേരളത്തിന്റെ ആദർശശുദ്ധിയും ക്രിയാത്മക ശക്തിയും ഇല്ലാതാക്കുകയും ചെയ്യുന്നുണ്ട്.

മദ്യത്തിന്റെ അനിയന്ത്രിതമായ ഉപയോഗം ഒരു വ്യക്തിയുടെ ശാരീരികാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. മദ്യം മനുഷ്യനെ ഉണർവുള്ളവനാക്കുമെന്നും അവന്റെ

പ്രതീക്ഷകളെ അത് ഉണർത്തുമെന്നും ഭീരുവിനെ അത് ധൈര്യപ്പെടുത്തുമെന്നും മൂക പ്രകൃതിയെ വാചാലമാക്കുമെന്നും ന്യായീകരണം പറയുന്ന മദ്യത്തിന്റെ ഉപഭോക്താക്കൾ അതിലടങ്ങിയിരിക്കുന്ന മരണകരമായ അപകടത്തെ ബോധപൂർവം വിസ്മരിക്കുകയാണ്. മദ്യത്തിന്റെ അമിതോപയോഗത്തിലൂടെ ഒരു വ്യക്തിയുടെ രക്തത്തിൽ കലരുന്ന മദ്യം അവന്റെ ആന്തരിക അവയവങ്ങളെ നശിപ്പിക്കുകയും ക്രമേണ ജീവനെത്തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇത് തലച്ചോറിനെയും നാഡീവ്യൂഹത്തെയും മന്ദിപ്പിച്ച് മ്ലാനീഭവിപ്പിക്കുകയും സുബോധവും സൂക്ഷ്മവിവേചനവും ഇല്ലാതാക്കുകയും ചെയ്യുന്നു. മനുഷ്യശരീരത്തിലെ ജീവകങ്ങളെ നശിപ്പിക്കുകയും വൃക്കകളെ തകർക്കുകയും ഞരമ്പുകൾക്ക് കേടുവരുത്തുകയും ചെയ്യുന്ന ലഹരി പലപ്പോഴും മാരകമാകുന്നുണ്ട്.

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഒരു വ്യക്തിയെ ദൈവത്തിൽ നിന്ന് അകറ്റുന്നതാണ്. ദൈവം വേണ്ട, ആത്മീയത വേണ്ട എന്ന് ചിന്തിക്കുന്ന സമകാലിക ജ്ഞാനവാദത്തിന്റെ മറ്റൊരു അവസ്ഥയിലേക്ക് ഇവ മനുഷ്യനെ കൊണ്ടുചെന്നെത്തിക്കും. സ്വഭാവത്താലേ ദൈവോന്മുഖനും ആത്മീയനുമായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തിൽനിന്ന് അകലാൻ മദ്യപാനം കാരണമാകുന്നു. ലഹരിവസ്തുക്കളെ ആസക്തിയോടെ സ്വീകരിക്കുന്നവരിൽ ദൈവചൈതന്യത്തെ സ്വീകരിക്കാനുള്ള വിമുഖത പ്രകടമാകുന്നു. ശാരീരികമായ താത്കാലിക സന്തോഷത്തിനുവേണ്ടി ലഹരിക്കു പിറകേ പോകുന്ന യുവജനത തങ്ങളെത്തന്നെ മരണസംസ്ക്കാരത്തിലേക്ക് നയിക്കുകയാണ്. ഇക്കാരണത്താലാണ് ഈശോ ഇപ്രകാരം മുന്നറിയിപ്പ് നല്കുന്നത്: “സുഖലോലുപത, മദ്യാസക്തി, ജീവിത വ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സ് ദുർബലമാവുകയും, ആ ദിവസം ഒരു കെണിപോലെ പെട്ടെന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കുവാൻ ശ്രദ്ധിക്കുവിൻ” (ലൂക്കാ 21:34). ഈ മുന്നറിയിപ്പ് നമുക്ക് ഗൗരവമായെടുക്കാം.

“മദ്യം മനുഷ്യനെ മനുഷ്യനല്ലാതാക്കുന്നു. അവനെ അശക്തനാക്കുന്നു. സ്വയം നശിപ്പിക്കുന്നു, ബന്ധങ്ങളെ നശിപ്പിക്കുന്നു. മര്യാദയും ഔചിത്യവും നഷ്ടപ്പെടുത്തുന്നു”. മദ്യപാനമെന്ന വിപത്തിനെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ ഈ വാക്കുകൾ ഇവിടെ പ്രസക്തമാണ്. മനുഷ്യനിലെ മനുഷ്യത്വത്തെ നഷ്ടപ്പെടുത്തിക്കൊണ്ട് അവനെ വെറും മൃഗതുല്യനാക്കുന്ന ലഹരിയുടെ അടിമത്ത്വത്തിൽ നിന്ന് മനുഷ്യൻ വിമോചിതനാകേണ്ടതുണ്ട്. മുതിർന്ന തലമുറയോടും യുവതലമുറയോടുമൊപ്പം തന്നെ ബാല്യകൗമാരങ്ങളും മദ്യത്തിലേക്ക് തിരിയുന്ന അപകടകരമായ സാഹചര്യം നിലനിൽക്കുന്നുവെന്ന യാഥാർത്ഥ്യ ബോധത്തോടെ ഈ വലിയ വിപത്തിൽ നിന്ന് കേരള സമൂഹത്തെ രക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാവർക്കും കടമയുണ്ട്. ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിന് ഈ തലത്തിലുള്ള ഉത്തരവാദിത്തം വളരെ വലുതാണ്. സമൂഹത്തിന്റെ, പ്രത്യേകിച്ച് കുടുംബങ്ങളുടെയും, സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സുസ്ഥിതി ഉറപ്പുവരുത്തുവാൻ സർക്കാരിന് കടമയുണ്ട്. അതിനായി, സർക്കാർ മദ്യനിരോധനം നടപ്പിലാക്കുകയും മദ്യവിരുദ്ധ ബോധവത്കരണം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതു മാത്രമാണ് പ്രതിവിധി.

മദ്യം ഉപയോഗിക്കുന്നതിൽനിന്ന് പൗരാണിക കാലം മുതൽ വിലക്ക് നിലനിന്നിരുന്നുവെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ബൈബിളിൽ കാണുന്ന മദ്യത്തിനെതിരേയുള്ള വിലക്കുകൾ മദ്യവിരുദ്ധ സംസ്കാരത്തിന്റെ ശക്തമായ പ്രതിഫലനങ്ങളാണ്. മദ്യമെന്ന ദൂഷ്യത്തിനടിമപ്പെടുന്ന ഏവനും തന്റെയും മറ്റുള്ളവരുടെയും ജീവിതത്തിന്റെ ക്രമം തെറ്റിക്കുകയും സ്വയം അധഃപതിക്കുകയും ചെയ്യുന്നു. മദ്യപൻ

വിചിത്ര കാഴ്ചകൾ കാണുകയും വികടത്തം ജല്പിക്കുകയും ചെയ്യും (സുഭാ 23:33). മദ്യപിക്കുമ്പോൾ അവൻ കല്പനകൾ മറക്കുകയും കഷ്ടപ്പെടുന്നവരുടെ അവകാശങ്ങൾ അവഗണിക്കുകയും ചെയ്യും (സുഭാ 31:5). മദ്യം ദുരിതവും ദു:ഖവും കലഹങ്ങളും അകാരണമായ മുറിവുകളും ഉണ്ടാക്കുന്നു (സുഭാ 23:29). ആകർഷണീയങ്ങളായ മദ്യഷാപ്പുകളും മദ്യാസക്തിയും ദുർബലചിത്തനായ മനുഷ്യനെ മദ്യപാനമെന്ന ദൗർബല്യത്തിലേക്ക് എത്താൻ പ്രേരിപ്പിക്കുന്നതിനാൽ, മദ്യനിരോധനവും മദ്യനിയന്ത്രണ സംവിധാനങ്ങളും മനുഷ്യനന്മയെക്കരുതി രൂപപ്പെടുത്തണം. കൂട്ടുകാരുടെ പ്രേരണയിൽ മദ്യത്തിലേക്കും ലഹരിപദാർത്ഥങ്ങളിലേക്കും തിരിയുന്ന കുട്ടികളെ മാതാപിതാക്കളും അധ്യാപകരും അധികാരികളും ജാഗ്രതയോടെ പിന്തുടരണം. ലഹരിയുടെ പ്രലോഭനം ഒഴിയാബാധപോലെ പിൻതുടരുമ്പോൾ കൗൺസിലിംഗിലൂടെയും ചികിത്സകളിലൂടെയും ശരിയായ ബോധവത്കരണത്തിലൂടെയും ഭാവിയുടെ വാഗ്ദാനങ്ങളായ കുട്ടികളെ ഈ വിപത്തിൽനിന്ന് രക്ഷിക്കുവാനുള്ള നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

നിർഭാഗ്യവശാൽ, മദ്യലഭ്യത കുറച്ചുകൊണ്ടുവരുന്ന നിലപാടുകളല്ല സംസ്ഥാന സർക്കാർ തുടർന്നു പോരുന്നത്. കേരളത്തിൽ മദ്യം ഗുരുതരമായ ആരോഗ്യ സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നും ആയതിനാൽ മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും കുറച്ചുകൊണ്ടുവരാനുള്ള നയത്തിനായിരിക്കും സർക്കാർ മുൻഗണന നല്കുകയെന്നും മദ്യവർജ്ജനം പൊതുനയമായി സ്വീകരിക്കുമെന്നും മദ്യവർജ്ജന സന്ദേശം എല്ലാവരിലും എത്തിക്കുന്നതിന് കൂടുതൽ ശക്തമായ ഇടപെടലുകൾ സ്വീകരിക്കുമെന്നും അതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മാതൃകയിൽ വിപുലമായ ജനകീയ ബോധവത്കരണത്തിന് സമിതികൾ രൂപീകരിക്കുമെന്നും മദ്യവിരുദ്ധ സമിതികളോട് ചേർന്നുനിന്ന് സർക്കാർ പ്രവർത്തിക്കുമെന്നും ഈ സർക്കാരിന്റെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ എടുത്തു പറഞ്ഞിരുന്നത് നടപ്പിലാക്കുവാൻ സർക്കാർ ആത്മാർത്ഥത കാണിക്കണം. മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് ആവർത്തിക്കുമ്പോഴും മദ്യത്തിന്റെ ലഭ്യത കുറയ്ക്കുവാൻ യാതൊരു നടപടിയും സ്വീകരിക്കാത്തത് മദ്യവർജ്ജന നയത്തെത്തന്നെ നിർവീര്യമാക്കുന്നു. പതിനായിരത്തിന് മുകളിൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരസ്വഭാവമുള്ളതായി കണക്കാക്കി മദ്യശാലകൾ തുടങ്ങുവാൻ അനുമതി നല്കിയത് പ്രകടന പത്രികയ്ക്ക് തന്നെ എതിരായ കാര്യമാണ്. പ്രതിവർഷം 10% ബെവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലറ്റുകൾ അടച്ചുപൂട്ടാനുള്ള തീരുമാനം അട്ടിമറിക്കപ്പെട്ടു എന്നു മാത്രമല്ല ബിയർ പബ്ബുകളുടെ നവീകരിച്ച സംവിധാനമായ, ബിയർ നിർമ്മിച്ച് അവിടെത്തന്നെ വില്പന നടത്തുന്ന മൈക്രോ ബ്രൂവറി യൂണിറ്റുകൾ സ്ഥാപിക്കാനും ഡിസ്റ്റിലറികൾ സ്ഥാപിക്കാനും സർക്കാർ തയ്യാറായതും എതിർപ്പിനെ തുടർന്ന് തീരുമാനം മരവിപ്പിക്കേണ്ടി വന്നതും കേരളസമൂഹം മനസ്സിലാക്കിയ കാര്യങ്ങളാണ്. മദ്യത്തിന്റെ വിഷയത്തിൽ ജനങ്ങളോടുള്ള പ്രതിബദ്ധത നിറവേറ്റുന്നതിൽ പ്രതിപക്ഷത്തിന്റെ പങ്കും പരിശോധനാവിഷയമാക്കേണ്ടതാണ്. പ്രതിപക്ഷം എതിർത്തത് മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിച്ചതിനെയല്ല മറിച്ച് ബ്രൂവറികൾക്ക് അനുമതി നല്കിയതിലെ നടപടിക്രമങ്ങളിലെ വീഴ്ച മാത്രമാണ്. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ മദ്യവിമുക്ത സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും തയ്യാറാകേണ്ടത് അത്യാവശ്യമായി വന്നിരിക്കുകയാണ്.

ഭാഗിക മദ്യനിരോധനം പിൻവലിക്കാൻ തൊടുന്യായം പറഞ്ഞിരുന്നത് മദ്യലഭ്യത കുറഞ്ഞതുകൊണ്ട് മയക്കുമരുന്ന് ഉപയോഗം വർദ്ധിച്ചു എന്നാണ്. എന്നാൽ മദ്യത്തിന്റെ കുത്തൊഴുക്ക് അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിലും മയക്കുമരുന്നിന്റെ ഉപയോഗം വ്യാപകമായി തുടരുന്നതിന്റെ കാരണം പറയാൻ ആരും തയ്യാറാവുന്നില്ല. നമ്മുടെ

യുവതലമുറ മയക്കുമരുന്നിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നത് ഗുരുതരമായ സ്ഥിതി വിശേഷമാണ്. മദ്യവർജ്ജനത്തിലൂടെ മദ്യത്തിന്റെ ഉപയോഗമോ ലഭ്യതയോ കുറഞ്ഞില്ല എന്നു മാത്രമല്ല മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുകയും ചെയ്തു. ശക്തമായ നിയമസംവിധാനങ്ങളിലൂടെ ഇതിനെതിരേ നടപടി സ്വീകരിക്കണം. ഇതിനുവേണ്ടി എക്സൈസ്-പോലീസ്-ഫോറസ്റ്റ് റവന്യു സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കണം. മറിച്ചായാൽ സമൂഹത്തിന്റെയും കുടുംബത്തിന്റെയും നാശം ക്ഷണിച്ചുവരുത്തുകയായിരിക്കും ചെയ്യുക.

നവകേരളമെന്ന മുദ്രാവാക്യത്തിന് കേരളജനത നല്കിയ പിന്തുണ, തകർന്ന വീടുകളും പാലങ്ങളും പുനർനിർമ്മിക്കുന്നതിനുവേണ്ടി മാത്രമല്ല, എല്ലാ അർത്ഥത്തിലും പുതിയ കേരള സൃഷ്ടിക്കുവേണ്ടിക്കൂടിയാണ്. ചിന്തയിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും അത് പ്രതിഫലിക്കണം. അഴിമതിവിരുദ്ധ കേരളം പോലെ, മാലിന്യവിമുക്ത കേരളം പോലെ, മദ്യവിമുക്ത കേരളവും നവകേരള നിർമ്മാണത്തിന്റെ ഭാഗമാകണം.

മദ്യമെന്ന മഹാവിപത്തിൽനിന്ന് രക്ഷനേടുന്നതിന് സർക്കാർ നടപടിയെ മാത്രം ആശ്രയിക്കുന്നത് പ്രശ്നപരിഹാരമാവുകയില്ല. ബോധവത്കരണ നടപടികൾ ഇടവകതലത്തിൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തിപകരാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ യൂണിറ്റുകൾ നമ്മുടെ എല്ലാ ഇടവകകളിലും രൂപീകൃതമാകണം. കുടുംബങ്ങളിൽ മദ്യത്തിന്റെ ഉപയോഗം പൂർണമായും ഇല്ലാതാക്കാൻ ഇടവകകളും കുടുംബങ്ങളും ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. മദ്യത്തോടും ലഹരിവസ്തുക്കളോടും സന്ധിയില്ലാസമരം ചെയ്ത് കുടുംബങ്ങളെയും വ്യക്തികളെയും സംരക്ഷിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. അങ്ങനെ മദ്യവും ലഹരിവസ്തുക്കളും ഇല്ലാത്ത ഒരു നവകേരള നിർമ്മിതിക്ക് നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം.

*മിശിഹായിൽ സ്നേഹപൂർവം*

**ബിഷപ് മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ**
*ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ*

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
*വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ*

**ബിഷപ് ക്രിസ്തുദാസ് ആർ**
*വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധകമ്മീഷൻ*

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി-682025

NB: 2019 മാർച്ച് മാസം 10-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ-മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിന്റെ സാരാംശം എല്ലാവർക്കും വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

മദ്യവിരുദ്ധ ഞായർ ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ 2019 ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കണം.

ഗാനം

# ഏറ്റുപറച്ചിൽ

അലക്സാണ്ടർ നെടുമ്പറമ്പിൽ, പൂവം

കയ്യിൽ നന്മയൊന്നുമില്ലാ-
മെയ്യിലുമില്ലൊന്നുമൊന്നും
ഉള്ളവുംതേ ശൂന്യമായി-
കള്ളമില്ലീച്ചൊന്നതൊന്നും
കാഴ്ചയായെൻ ജീവിതം ഞാൻ-
വച്ചിടുന്നു സന്നിധിയിൽ
വീഴ്ചപറ്റിപ്പോയെ നിക്കു-
മാപ്പുകിട്ടുന്നെൻ സൽപിതാവേ
മോഹം മഹാമായയായി-
ദേഹം പാപക്കനികൾ തിന്നു
ദേഹിയും മലിനമായി-
പാഹിമാം ഹാ- പാഹിപാഹി
നിന്നെയും ഞാൻ തേടി വന്നു
ചെയ്തിയെല്ലാം ഏറ്റു ചൊല്ലി
നിന്നീടുന്നു നിന്റെ മുമ്പിൽ
പെയ്തൊഴിഞ്ഞ മാരിപോലെ
അങ്ങയെ പിരിഞ്ഞു പോയി-
അങ്ങു ദൂരെ ചെന്നുപെട്ടു

മുങ്ങിപാപക്കുഴികളിലായ്
പൊങ്ങി പാപക്കറകളുമായ്
ഉള്ളതെല്ലാം ധൂർത്തടിച്ചു-
ഭള്ളു മൂത്ത കശ്മലൻ ഞാൻ
ഉള്ളുനൊന്തുകേണിടുന്നു-
ഭള്ളൊഴിഞ്ഞീ ധൂർത്തപുത്രൻ-
കണ്ണുനീരാൽ കഴുകിയെന്റെ
ദണ്ഡനമായ് നിന്റെ പാദം-
ചുംബനത്താൽ തുടച്ചീടാമേ-
അംബരത്തിന്നുടയവനേ
മഗ്ദലനാമറിയത്തിനു
പാപമോക്ഷം കൊടുത്തവനേ
ഒറ്റസ്നേഹദർശനത്താൽ
പത്രോസിനു ശക്തിയേകി.
നിന്റെ ഹൃത്തടത്തിൽമേവും
സ്നേഹജലം ധാര ചെയ്താൽ
എന്റെ പാപക്കറകളെല്ലാം
മാഞ്ഞുപോകും നിശ്ചയമായ്.



**നവ വൈദികരായ റവ.ഫാ വർഗ്ഗീസ് റ്റീജോ മറ്റപ്പള്ളിയിൽ, റവ.ഫാ ജോൺ ജിൻസൺ തോമസ് മറ്റപ്പിള്ളിയിൽഎന്നിവർ അഭിവന്ദ്യ പിതാവിനോടൊത്ത്**

# 2019 ഫെബ്രുവരി 10 : തിരുബാലസഖ്യദിനം
## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*യേശുവിൽ പ്രിയ മാതാപിതാക്കളേ, സഹോദരീസഹോദരന്മാരേ, വത്സലമക്കളേ,*

കഴിഞ്ഞ 175 വർഷങ്ങളായി കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യംവച്ച് ആഗോള കത്തോലിക്കാസഭയിൽ മുഴുവൻ പ്രവർത്തിക്കുന്ന കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാൻസൺ ആണ് തിരുബാലസഖ്യം സ്ഥാപിച്ചത്. 1922-ൽ 11-ാം പീയൂസ് പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950-ൽ 12-ാം പീയൂസ് പാപ്പ തിരുബാലസഖ്യദിനം സാർവത്രിക സഭ മുഴുവൻ ആചരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ആഹ്വാനമനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് ഭാരത സഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. തിരുബാല സഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യദിനത്തിന്റെ (10.02.2019) എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ നന്നായി വളർത്തുകയെന്നത്, കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽനിന്നു വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക പ്രബോധനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്കാ 2:51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുക്കുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധമറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടുവരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവ ഹണത്തിൽ അവരുടെ മാതൃക. ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവപദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്. രക്ഷകനായ യേശുവിൽ ദൃഢമായി വിശ്വസിക്കുകയും കത്തോലിക്കാചൈതന്യത്തിൽ ജീവിക്കുകയും സാമൂഹിക പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന മാതാപിതാക്ക ളുടെ ജീവിതമാതൃക കുട്ടികളുടെ സമഗ്ര നന്മയ്ക്ക് ഉപകരിക്കും. ഭവനത്തിൽ സമ്മേളിക്കുന്ന സഭയെക്കുറിച്ച് എന്നും വാചാലനാകുന്ന ഫ്രാൻസിസ്

പാപ്പായുടെ വാക്കുകളിൽ "വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയല്ക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി വീട് തുടരണം" (സ്നേഹത്തിന്റെ ആനന്ദം, 287) ഇന്നത്തെ ലോകത്തിൽ വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചുള്ള അപ്പസ്തോലിക ഉദ്ബോധനമായ "ആനന്ദിച്ച് ആഹ്ളാദിക്കുവിൻ" മാതാപിതാക്കളെ ക്ഷണിക്കുന്നത്, യേശുവിനെ അനുഗമിക്കുന്നത് എപ്രകാരമെന്ന് കുട്ടികളെ ക്ഷമാപൂർവ്വം പഠിപ്പിച്ചുകൊണ്ട് വിശുദ്ധരാകാനാണ് (14).

കുടുംബാംഗങ്ങളോടുള്ള, പ്രത്യേകമായി മാതാപിതാക്കന്മാരോടുള്ള ഊഷ്മളമായ ബന്ധം കുട്ടികളുടെ വളർച്ചയ്ക്ക് അത്യാവശ്യമാണ്. ചിലപ്പോഴെങ്കിലും ഒരേ വീട്ടിൽ ജീവിക്കുന്നവർ പരസ്പരം സംസാരിക്കാതെയും ഒരുമിച്ചു പ്രാർത്ഥിക്കാതെയും ഭക്ഷിക്കാതെയും കഴിയുന്നു എന്നത് തികച്ചും ദുഃഖകരമായ കാര്യമാണ്. കൊച്ചുകുട്ടികളെ ഇന്ന് കൂടുതലായി കാണുന്നത് മാതാപിതാക്കളുടെ കൂടെയല്ല, മറിച്ച് ടി.വി.യുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെ സാങ്കേതികതലത്തിൽ കുട്ടികളുടെ ബുദ്ധിവികാസത്തിന് ഉപകരിക്കുമെങ്കിലും ഇവയുടെ അനിയന്ത്രിതമായ ഉപയോഗത്തിലൂടെ സ്വന്തം ലോകത്തിലേക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ അവർക്ക് നഷ്ടപ്പെടുകയും ചെയ്യുന്നു. കുട്ടികളുടെ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. പല നഗരങ്ങളിലും കുട്ടികളുടെ ഇടയിൽ മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. കുട്ടികൾ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനും അവിശുദ്ധ ബന്ധങ്ങളിലേക്ക് കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. കുട്ടികളുടെ അസാധാരണമായ പെരുമാറ്റങ്ങളും നിശബ്ദതകളും തിരിച്ചറിഞ്ഞ് മക്കളെ സുരക്ഷിതരായി നയിക്കാൻ എല്ലാ മാതാപിതാക്കളും ശ്രദ്ധിക്കണം.

ഫ്രാൻസിസ് പാപ്പ മാതാപിതാക്കന്മാരോട് മക്കളെക്കുറിച്ച് ഉന്നയിക്കുന്ന മൂന്ന് ചോദ്യങ്ങൾ ഇവയാണ്: നമ്മുടെ കുഞ്ഞുങ്ങൾ എവിടെ ആണെന്നു മനസിലാക്കുവാൻ നാം ശ്രമിക്കുണ്ടോ? അവരുടെ ആത്മാവ് എവിടെയാണെന്ന് നാം ശരിക്കും അറിയുന്നുണ്ടോ? സർവ്വോപരി, അതറിയുവാൻ നാം ആഗ്രഹിക്കുന്നുണ്ടോ? നമ്മുടെ കുഞ്ഞുങ്ങൾ ശാരീരികമായി എവിടെയാണെന്നോ ഒരു നിശ്ചിതസമയത്ത് അവർ ആരുടെ കൂടെയാണെന്നോ ഉള്ളതല്ല, മറിച്ച് അവർ നിലപാടുകളിൽ എവിടെയാണെന്നതാണ്, തങ്ങളുടെ ബോദ്ധ്യങ്ങളുടെയും ലക്ഷ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സ്വപ്നങ്ങളുടെയും കാര്യത്തിൽ അവർ എവിടെ നില്ക്കുന്നു എന്നതാണ് യഥാർത്ഥ ചോദ്യം (സ്നേഹത്തിന്റെ ആനന്ദം, 261).

നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ് ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ. പ്രാർത്ഥന

യ്ക്കും സഹനത്തിനും ത്യാഗത്തിനും നമ്മുടെ കുടുംബങ്ങളിൽ സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് പവിത്രമായ കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. ഓരോ ദിവസവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആശയ വിനിമയസംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും മൂല്യബോധം നഷ്ടപ്പെട്ട മാധ്യമസംസ്കാരവും കുട്ടികളുടെ സ്വഭാവരൂപീകരണത്തിനും വിശ്വാസരൂപീകരണത്തിനും ധാരാളം പ്രതിസന്ധികൾ ഉണ്ടാക്കുന്നവയാണ്. നമ്മുടെ കുട്ടികൾ സഭാവിരോധികളും നിരീശ്വരവാദികളുമായിത്തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്ന്യാസ-പൗരോഹിത്യങ്ങളെയും അവഹേളനപാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ വിശ്വാസ്യത കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും വിശ്വാസപരിശീലനവും നല്കാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെ ഏറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

"കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ; കുട്ടികൾ കുട്ടികൾക്കുവേണ്ടി പ്രാർത്ഥിക്കട്ടെ" എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകമറിയം മദ്ധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമദ്ധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണത്തിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു. നമ്മുടെ ഇടവകകളിലെ 14 വയസ്സുവരെയുള്ള എല്ലാ ബാലികാബാലന്മാരും തിരുബാലസഖ്യത്തിൽ അംഗങ്ങളായി ഉണ്ണിയേശുവിന്റെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. ഇടവകയിൽ ആഴ്ചയിൽ ഒരു ദിവസം തിരുബാല സഖ്യാംഗങ്ങൾ ആനിമേറ്ററുടെ നേതൃത്വത്തിൽ ഒരുമിച്ചുകൂടി പ്രാർത്ഥിക്കുകയും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും കാരുണ്യപ്രവൃത്തികളിൽ പങ്കെടുക്കുകയും ചെയ്യുന്നത് അവരെ എന്നും ദൈവത്തോടും സഭയോടും ചേർന്നുനിൽക്കുവാൻ സഹായിക്കും.

ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന ദിനമാണിത്. നസ്രത്തിൽ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ച ബാലനായ യേശു കുട്ടികൾക്ക് പ്രചോദനവും ശക്തിയുമാകണം. തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ യേശുവിന്റെ ബാല്യത്തെ അനുസ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളായി മാറേണ്ട തിന്റെ ആവശ്യകതയെക്കുറിച്ചാണ് നാം ചിന്തിക്കേണ്ടത്. ഓരോ കുഞ്ഞിലും നസ്രത്തിലെ തിരുബാലനെ കണ്ടുകൊണ്ട് പ്രവർത്തിക്കുവാൻ നമുക്കേവർക്കും കഴിയ

ണം. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രിയ കുട്ടികളേ, നിങ്ങളെ എല്ലാവരെയും ഉണ്ണിയേശുവിന് ഞാൻ സമർപ്പിക്കുന്നു. യേശുവിനെപ്പോലെ നിങ്ങളും സ്വർഗസ്ഥനായ പിതാവിന് ഇഷ്ടപ്പെട്ട മക്കളായിത്തീരാൻ പ്രാർത്ഥിക്കുന്നു.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
*ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ*

**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
*വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ*

**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
*വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി– 682 025

NB: 2019 ഫെബ്രുവരി 10–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

## പരേതരെ സ്മരിക്കാം – ഫെബ്രുവരി

| | | |
|---|---|---|
| 3 | (2002) | Fr. George Kalathara |
| 8 | (1947) | Fr. Zephrinus OCD |
| 10 | (1976) | Fr. Didacus OCD |
| 12 | (1947) | Fr. Raphael Manthra |
| 17 | (1939) | Bro. Leo OCD |
| 23 | (1983) | Fr. Alphonse Maria OCD |
| 24 | (2016) | Fr. Antony Correya |
| 27 | (1943) | Fr. John Vincent OCD |

# നിഴൽ : ഭയമോ? സൗഖ്യമോ?

**സിസേമ**



**എ**ന്താണ് നിഴൽ? പ്രകാശത്തെ കടത്തിവിടാതെ പ്രതിരോധിക്കുന്ന വസ്തുവിന്റെയോ ജീവികളുടെയോ പ്രതിബിംബമാണ് നിഴൽ. പലപ്പോഴും മനുഷ്യൻ ഈ പ്രതിബിംബത്തെ കണ്ടു ഭയപ്പെടുന്നു. കാരണം ഇത് മറഞ്ഞിരിക്കുന്നതാണ്. മനുഷ്യന്റെ മുമ്പിൽ എന്നും എപ്പോഴും നിലനിൽക്കുന്ന അസ്ഥിത്വമില്ലാത്തതാണിത്. ഈ അവസ്ഥ ബോദ്ധ്യമാകുന്നവന് പിന്നീട് ഭയം ഉണ്ടാകുന്നില്ല.

ഉറക്കമുണർന്ന് സൂര്യനെ നോക്കി വരുന്നവർ എന്നും കാണുന്ന യഥാർത്ഥ്യമാണ് ഈ നിഴൽ. പക്ഷേ അപ്പോൾ അവരെ ഈ നിഴൽ ഭയപ്പെടുത്തുന്നില്ല. കാരണം അവർ കാണുന്നത് ഉദയസൂര്യനെയാണ്. ഭയപ്പെടുത്തുന്ന നിഴലിനെക്കാൾ ശോഭയുള്ള, കണ്ണിനു കുളിർമ നൽകുന്ന സൂര്യപ്രഭയാണ്. ഇതുപോലെ തന്നെയാണ് അസ്തമയസൂര്യന്റെ ശോഭ ദർശിക്കുന്നവർക്കും അനുഭവവേദ്യമാകുന്നത്. സൂര്യൻ മദ്ധ്യാഹ്നത്തിൽ എത്തി നിൽക്കുമ്പോൾ ഈ നിഴൽ അവർ കാണുന്നില്ല. ഭയപ്പെടുത്തുന്നില്ല. അതിനാൽ അവർ പേരുമാറ്റുന്നു. അവർ അതിനെ 'തണൽ' എന്നു വിളിക്കുന്നു. അത് അവർക്ക് അത്യുഷ്ണത്തിൽ ആശ്വാസമേകുന്ന അഭയകേന്ദ്രമായി മാറുന്നു.

പകൽ സമയം ഒരുവനെ ഭയപ്പെടുത്താത്ത യാഥാർത്ഥ്യമാണിതെങ്കിലും തമസ്സിന്റെ നടുവിൽ നിഴൽ അവനെ ഭയപ്പെടുത്തുന്നു, കീഴ്പ്പെടുത്തുന്നു. കാരണം അപ്പോൾ അത് ദർശിക്കാൻ പ്രകാശം ഇല്ലാതായിത്തീരുന്നു. പ്രകാശത്തിൽ ചരിക്കുന്ന കാലമത്രയും ഇത് ഒരാളെ ഭയപ്പെടുത്തുന്നില്ല. എപ്പോൾ പ്രകാശം ഒരുവനിൽ നിന്ന് അകന്നു പോകുന്നുവോ അപ്പോൾ അത് അവനെ ഭയപ്പെടുത്തുന്നു, കീഴ്പ്പെടുത്തുന്നു. ദിനരാത്രങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്ന സത്യമാണിത്.

മനുഷ്യനെ മനസ്സിലാക്കാൻ ശ്രമിക്കുന്ന ശാസ്ത്രശാഖയായ മനഃശാസ്ത്രവീക്ഷണത്തിലൂടെ സഞ്ചരിക്കുമ്പോൾ നാം മനസ്സിലാക്കുന്നു, അവന്റെ ജീവിതത്തിലെ തെളിഞ്ഞു നിൽക്കുന്ന യാഥാർത്ഥ്യങ്ങൾക്കു പിന്നിൽ അവനെ കീഴ്പ്പെടുത്തുന്ന നിഴലാട്ടങ്ങൾ അവന്റെ ഉപബോധമനസ്സിലും അബോധമനസ്സിലും ഉണ്ട് എന്നത്. ഒരുവന്റെ വ്യക്തിത്വത്തിലും, അവനെ തളർത്തുന്ന അവർ പോലും ഒരിക്കലും അംഗീകരിക്കാൻ ഇഷ്ടപ്പെടാത്ത ജീവിത യാഥാർത്ഥ്യങ്ങൾ ഉണ്ട്. ഇതിനെ വ്യക്തിത്വത്തിന്റെ നിഴൽ എന്നു പറയാ

റുണ്ട്. ഈ നിഴൽ വ്യക്തിത്വങ്ങളെ മറികടക്കാൻ മനഃശാസ്ത്രജ്ഞൻ തെറാപ്പിസ്റ്റുകളുടെ സഹായം തേടാൻ ആവശ്യപ്പെടാറുണ്ട്. ഇങ്ങനെ കൃത്യമായ പരിശീലനം ലഭ്യമാകുന്നതോടെ ഭയം മാറുകയും അവർ അമൂല്യരായിത്തീരുകയും ചെയ്യുന്നു.

ആത്മീയമായിപ്പറഞ്ഞാൽ ജീവിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽ ആയിരിക്കുന്നവന് നിഴലിനെ ഭയപ്പെടേണ്ടതില്ല. കാരണം എല്ലാറ്റിന്റെയും ഉറവിടമായവൻ ശക്തിയായി ഉള്ളിൽ നിറയുന്നു. ഈ നിറവായവൻ മനുഷ്യനായി ജന്മമെടുത്തപ്പോൾ എന്തു സംഭവിച്ചു എന്നതും നാം വിചിന്തനത്തിനു വിധേയമാക്കേണ്ടതാണ്. മൂന്നു വർഷത്തെ പരസ്യ ജീവിത കാലഘട്ടത്തിൽ അവൻ മനുഷ്യനെ പഠിപ്പിച്ചത് ഈ ഭയത്തിൽ നിന്നും മോചനം ലഭിക്കാനുള്ള മാർഗ്ഗങ്ങളാണ്. ഇതിനായി അവൻ നൽകിയ സമ്മാനവും അതിശ്രേഷ്ഠമാണ്, സഹായകനായ പരിശുദ്ധാത്മാവ്. വി. പൗലോസപ്പസ്തോലൻ നമ്മെ ഓർമ്മിപ്പിക്കുന്നു, അവൻ നമുക്ക് നൽകിയത് ശക്തിയുടെയും ധൈര്യത്തിന്റെയും ആത്മാവിനെയാണ്. പെന്തക്കുസ്തായ്ക്കുശേഷമുള്ള വി. പത്രോസ് ശ്ലീഹായുടെ പ്രസംഗം ഇത് സാക്ഷ്യപ്പെടുത്തുന്നു. ചുരുക്കത്തിൽ പറഞ്ഞാൽ ദൈവ കൃപയിൽ വളരാൻ നമ്മെ ഓർമ്മപ്പെടുത്തുന്ന ഒന്നാണ് നിഴൽ.

നിഴൽ നമ്മെ ഓർമ്മിപ്പിക്കുന്ന കൃപയിൽ വളരാൻ ശ്രമിക്കാം. കാരണം ദൈവകൃപയുടെ വെളിച്ചം ലഭിക്കാതിരുന്നവർ കാൽവരിയിൽ മൂന്നാണിമേൽ ഈ പ്രപഞ്ചത്തിന്റെ ഉടയവനെ ഉയർത്തിയപ്പോൾ നിസ്സഹായകനായി, നിരാശ്രയനായിക്കിടന്നപ്പോൾ സംഭവിച്ച യാഥാർത്ഥ്യം. 'ആറാം മണിക്കൂർ മുതൽ ഒമ്പതാം മണിക്കൂർ വരെ ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു.' (മർക്കോസ് 15,33). ഈ മരണം ദർശിച്ച വിജാതിയനായ ശതാധിപന് ബോധോദയം ലഭിച്ചു വിളിച്ചു പറഞ്ഞു. 'സത്യമായും ഈ മനുഷ്യൻ ദൈവപുത്രനായിരുന്നു.'

ക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ചിടത്തോളം ഈ ദൈവപുത്രൻ ആകുക എന്നതാണ് ഏൽപിക്കപ്പെട്ട ദൗത്യം. ഈ ദൗത്യം പൂർത്തീകരിക്കുന്നവന്റെ നിഴലിന്റെ പ്രത്യേകത ഭയമല്ല മറിച്ച് സൗഖ്യമാണ്. ഇത് അപ്പസ്തോലപ്രവർത്തനം സാക്ഷ്യപ്പെടുത്തുന്നത് ഇപ്രകാരമാണ്. 'അവർ രോഗികളെ തെരുവീഥികളിൽ കൊണ്ടുവന്ന് കിടക്കകളിലും കട്ടിലുകളിലും കിടത്തിയിരുന്നു. പത്രോസ് കടന്നു പോകുമ്പോൾ അവന്റെ നിഴലെങ്കിലും' അവരിൽ പതിക്കുന്നതിനുവേണ്ടിയായിരുന്നു. (അപ്പ. പ്രവർ. 5,15)

അവസാനമായി നിഴൽ ഭയം ജനിപ്പിക്കുന്നതോടൊപ്പം തന്നെ സൗഖ്യവും പ്രദാനം ചെയ്യുന്നു എന്നു മനസ്സിലാക്കാം. ഒരു നിബന്ധനയേ ഉള്ളൂ, ക്രിസ്തു ഉള്ളിൽ ജനിക്കണം. പരിശുദ്ധാത്മാവിൽ നിറയണം. നമുക്കും നിഴലുകളാകാം. ഭയപ്പെടുത്തുന്നതല്ല മറിച്ച് സൗഖ്യപ്പെടുത്തുന്നവനായ ക്രിസ്തുവിന്റെ നിഴൽ, അതിനായ് നാം ചെയ്യേണ്ടത് ഒന്നു മാത്രം. പൂർണ്ണമായ സമർപ്പണം.

# ബഹു. സിസ്റ്റേഴ്സിന്റെ ക്രിസ്മസ് ആശംസകൾ

(റവ.സി. ലിനറ്റ് CSST)



**വി**ശുദ്ധിയുടെ ആഴങ്ങളിലേക്കിറങ്ങി ബെത്‌ലഹേമിലെ ഉണ്ണിയുടെ ആനന്ദത്താൽ നിറയാനും മറ്റുള്ളവരിലേക്ക് പകരാനുമുള്ള ആഹ്വാനവും പ്രചോദനവുമായി വീണ്ടും ഒരു ക്രിസ്തുമസ് കൂട്ടായ്മ.

ഫ്രാൻസീസ് പാപ്പ - വത്തിക്കാനിലെ ജീവനക്കാർക്ക് ക്രിസ്തുമസ് സന്ദേശം കൊടുത്ത വേളയിൽ ഇങ്ങനെ പറഞ്ഞു.

'Therefore this is my wish, be saints in order to be happy, holy in flesh and blood, with our character, our defects, even our sins but ready to let ourselves infected by the presence of Jesus in our midst ready to rush to him, like shepherds to this event this incredible sign that God has given us.'

സ്നേഹവും സമാധാനവും സന്തോഷവും പങ്കുവച്ചുകൊണ്ട് ഒരു ക്രിസ്തുമസ് കൂടി വന്നണഞ്ഞു. പതിവുപോലെ വിജയപുരം രൂപതയിലേയും സൗഹൃദസ്ഥാപനങ്ങളിലേയും സിസ്റ്റർമാർ വിജയപുരം രൂപതാ ഇടയന് ക്രിസ്തുമസ് ആശംസകൾ നേരാനായി ഒരുമിച്ചുകൂടി.

ഈ വർഷം ക്രിസ്തുമസ് സന്ദേശം പങ്കുവയ്ക്കാനുള്ള അവസരം ഓരോ കോൺഗ്രിഗേഷനിലേയും ഓരോ സിസ്റ്റേഴ്സിനാണ് ലഭിച്ചത്. ഓരോരുത്തരും തങ്ങളുടെ കർത്തവ്യം ഭംഗിയായി നിർവഹിച്ചു. അവർ പങ്കുവച്ച സന്ദേശങ്ങൾ പലർക്കും മാറ്റത്തിനുള്ള, കുറച്ചുകൂടി വിശുദ്ധിയിൽ ജീവിക്കാനുള്ള ഈശോയെ മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനുള്ള സന്ദേശമായി, പ്രചോദനമായി.

പണ്ടെങ്ങോ വായിച്ച ഒരു കഥയോടെയാണ് ആദ്യത്തെ സിസ്റ്റർ തന്റെ സന്ദേശം ആരംഭിച്ചത്. ഉണ്ണീശോയുടെ ജനനശേഷം പലരും ദിവ്യ ഉണ്ണിയെ കണ്ടു വണങ്ങുവാൻ ബെത്‌ലഹേമിലെത്തി. അക്കൂട്ടത്തിൽ വളരെ പ്രായം ചെന്ന ഒരു സ്ത്രീയും ഉണ്ടായിരുന്നു. മാതാവും, യൌസേപ്പിതാവും അവരെ ശ്രദ്ധിച്ചു. അവർ പറഞ്ഞു കൊണ്ടിരുന്നു. "കുഞ്ഞേ നീ ആണ് ഞങ്ങളുടെ പ്രതീക്ഷ, നിനക്ക് മാത്രമേ ഞങ്ങളെ രക്ഷിക്കാൻ സാധിക്കുകയുള്ളു." രക്ഷകനെ വണങ്ങാൻ തന്റെ ഊഴം എത്തിയപ്പോൾ ആ സ്ത്രീ ഒരു പൊതി ഈശോയുടെ കാൽക്കൽ വച്ച് അവിടെ നിന്നും മടങ്ങി. മാതാവും യൗസേപ്പിതാവും കൗതുകത്തോടെ ആ പൊതി തുറന്നു നോക്കി. അത് പാതി ഭക്ഷിച്ച ഒരു പഴമായിരുന്നു. അതേ- അത് ഹവ്വാ ആയിരുന്നു. ഈശോ നമ്മുടെ പ്രതീക്ഷയാണ്. നമ്മുടെ പാപങ്ങൾക്ക് പരിഹാരമാണ്. അതിനാൽ പരിശുദ്ധ കുർബാനയിൽ എഴുന്നെള്ളിയിരിക്കുന്ന ഈശോയെ പ്രതീക്ഷയോടെ എല്ലാ ദിവസവും നമുക്ക് സമീപിക്കാം.

ഈശോ ഇന്നും ജീവിക്കുന്നു. ജീവിക്കുന്ന ദൈവത്തിന്റെ ആഗമനത്തിനായി കാത്തിരിക്കുന്ന സമയമാണ് ക്രിസ്തുമസ്. ഈശോ ഇന്നും ജീവിക്കുന്നു. നമ്മുടെ മനസ്സിൽ നമ്മുടെ ഹൃദയത്തിൽ നമ്മുടെ ഇടയിൽ.

യേശുക്രിസ്തു ഒരു ചരിത്ര പുരുഷനാണ്. ഏ.ഡി. എന്നും ബി.സി. എന്നും ചരിത്രത്തെ രണ്ടായി വിഭജിച്ചവൻ.

ക്രിസ്തുവിന്റെ ആഗമനത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്ന സന്തോഷമായ അനുഭവമാണ് ക്രിസ്തുമസ്സ്. യേശുവിനെ ഗർഭം ധരിച്ച മാതാവ് ആദ്യം ചെയ്തത് എലിസബത്തിനെ സന്ദർശിക്കുകയായിരുന്നു. മാതാവാണ് ആദ്യത്തെ മിഷനറി. നാമും മിഷനറിമാരാണ്. മാതാവ് എലിസബത്തിനെ സന്ദർശിച്ചപ്പോൾ ഉദരത്തിലെ ശിശു സന്തോഷത്താൽ കുതിച്ചു ചാടി. അതുപോലെ മറ്റുള്ളവർക്ക് സന്തോഷം പകരാൻ നമ്മുടെ ജീവിതം കൊണ്ട് കഴിയണം. പരിശുദ്ധ അമ്മയെപ്പോലെ നമുക്കും പൂർണ്ണമായി ദൈവത്തിന് വിധേയപ്പെട്ട് ജീവിക്കാം. പരിശുദ്ധ അമ്മയും എലിസബത്തും ദൈവാനുഗ്രഹത്തിന്റെ ഉന്നതതലങ്ങളിൽ എത്തിയവരാണ്. എന്നിട്ടും, എളിമയുടെ തലത്തിൽ ജീവിച്ചു. മാതാവിന്റെയും എലിസബത്തിന്റേയും ഈ ശുശ്രൂഷാ മനോഭാവം നമുക്കു വേണം.

നിറഞ്ഞ സ്നേഹത്തിന്റെ, നന്മയുടെ ആഘോഷമാണ് ക്രിസ്തുമസ്. നമ്മുടെ കർമ്മം കൊണ്ട് മറ്റുള്ളവർക്ക് നന്മ പകർന്നു കൊടുക്കാം. ജീവിക്കുന്ന സക്രാരിയായി മാറാം. മാതാവു ചെയ്തതുപോലെ ഈശോയെ എല്ലാവർക്കും കൊടുക്കാം.

ക്രിസ്തുമസ്സിനു വേണ്ടി നാം ഒരുങ്ങുന്നു. പ്രാർത്ഥിക്കുന്നു. നാം സന്യാസജീവിതത്തിലേക്ക് പ്രവേശിച്ചത് എത്ര തീക്ഷ്ണതയോടും പ്രാർത്ഥനയോടും കൂടിയാണ്. എന്നാൽ കാലം കഴിയുമ്പോൾ നാം പലപ്പോഴും പ്രാർത്ഥനയിൽ നിന്ന് മാറിപോകുന്നു. ഈശോയെ കൊടുക്കാൻ മറന്നുപോകുന്നു. ഈ ക്രിസ്തുമസ് കാലം, ഈശോയെ സ്നേഹപൂർവ്വം സ്വീകരിക്കാനും, മറ്റുള്ളവർക്ക് പകർന്നു കൊടുക്കാനും നമ്മെ പ്രാപ്തരാക്കട്ടെ. പുൽക്കൂട്ടിലെ ഉണ്ണീശോ ലാളിത്യത്തിന്റെ പ്രതീകമായതുപോലെ കൂടുതൽ എളിമയിലേക്ക് ലാളിത്യത്തിലേക്ക് വളരാൻ ഈ ക്രിസ്തുമസ്സ് നമ്മെ സഹായിക്കട്ടെ.

പിതാവായ ദൈവത്തിന്റെ ഏറ്റവും വലിയ സ്നേഹസമ്മാനമാണ് ക്രിസ്തുമസ്സ്. പാപത്തിന്റെ അടിമത്വത്തിൽപ്പെട്ട മനുഷ്യന് ഭയമായിരുന്നു. ഈ അടിമത്വത്തിൽ നിന്ന് ലോകത്തെ രക്ഷിക്കാൻ പിതാവായ ദൈവം തന്റെ പുത്രനെ അയച്ചു. പിതാവിന്റെ സ്നേഹം അനുഭവിച്ച്, പരിശുദ്ധാത്മാവിൽ നിറഞ്ഞ്, പരിശുദ്ധ് അമ്മയെപ്പോലെ നമുക്കും യേശുവിനാൽ നിറയാം. മനുഷ്യരക്ഷയ്ക്കായി പ്രാർത്ഥിക്കാം.

എല്ലാ സിസ്റ്റേഴ്സിന്റെയും സന്ദേശങ്ങൾ മനോഹരമായിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് പിതാവ് തന്റെ സന്ദേശം ആരംഭിച്ചു. കഴിഞ്ഞ ക്രിസ്തുമസ് ഓഖിയുടെ നിഴലിലായിരുന്നു. ഓഖിക്കു ശേഷം നമ്മുടെ ആയുസ്സിലെ ആദ്യത്തെ അനുഭവമായ മഹാപ്രളയം കടന്നുപോയി. മൂന്നാറുപോലും വെള്ളത്താൽ ചുറ്റപ്പെട്ടു. ഇപ്പോൾ അധികം പ്രശ്നങ്ങൾ ഇല്ല. എന്നാൽ പ്രശ്നങ്ങൾ ഇല്ല എന്നു പറയാനും പറ്റില്ല. ശബരിമല പ്രശ്നവും ഓർത്തഡോക്സ് യാക്കോബായ പ്രശ്നങ്ങളും കേരളത്തെ ഉലയ്ക്കുന്നുണ്ട്.

ചരിത്രത്തെ വെട്ടിമുറിച്ച സംഭവമാണ് യേശുവിന്റെ ജനനം. പിതാവ് ഒരു മാസികയിൽ വായിച്ച കഥ പറഞ്ഞു. Artistic talent ഉള്ള ഒരു പിതാവും

അയാളുടെ മകനും; വളരെ കലാപരമായ പല കാര്യങ്ങളും അവർ ചെയ്തു. അത് ഒരു ഹാളിൽ പ്രദർശിപ്പിച്ചിരുന്നു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ നിർബന്ധ സൈനിക സേവനത്തിനായി മകന് പോകേണ്ടി വന്നു. അധികം താമസിയാതെ മറ്റൊരാളെ രക്ഷിക്കുന്നതിനിടയിൽ മകൻ കൊല്ലപ്പെട്ടു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ രക്ഷപ്പെട്ട ആൾ മകൻ വരച്ച ചിത്രവുമായി പിതാവിനെ സന്ദർശിച്ചു. മകൻ അവസാനം വരച്ച ചിത്രം വളരെ ശ്രദ്ധയോടെ തന്റെ ചിത്രങ്ങളുടെ പ്രഥമ സ്ഥാനത്ത് വച്ചു. പിതാവ് മരിച്ച് കുറെ നാൾ കഴിഞ്ഞപ്പോൾ അവിടെ സൂക്ഷിച്ചിരുന്ന ചിത്രങ്ങളെല്ലാം ലേലത്തിനുവച്ചു. പലരും ലേലത്തിനു വന്നു എങ്കിലും മകൻ അവസാനം വരച്ച ചിത്രം എടുക്കാൻ ആളില്ലായിരുന്നു. അച്ഛനേയും മകനേയും അറിയാമായിരുന്ന ഒരു സുഹൃത്ത് പറഞ്ഞു. പിതാവ് ഏറ്റവും അമൂല്യമായി വച്ചിരുന്ന ഈ ചിത്രം എടുത്തില്ലെങ്കിൽ അദ്ദേഹത്തിന്റെ ആത്മാവ് വിഷമിക്കും. സുഹൃത്ത് തുച്ഛമായ വിലയ്ക്ക് ചിത്രം എടുത്തു. ഉടനെ ലേലം ചെയ്തിരുന്നവർ ലേലം നിർത്തി. അവർ പറഞ്ഞു ഇനി ലേലം ഇല്ലാ. പിതാവ് തന്റെ വിൽപത്രത്തിൽ എഴുതിയിരുന്നു. മകൻ അവസാനം വരച്ചചിത്രം ആരെടുക്കുന്നുവോ അയാൾക്ക് ബാക്കിയെല്ലാം ലഭിക്കും.

ഈ ലോകം നമുക്കെല്ലാം തരുന്നു, ഈശോയെ ഒഴിച്ച്. നാമാകട്ടെ ഈ ലോകത്തിലെ ബാക്കിയെല്ലാം ഉപേക്ഷിച്ചു കൊണ്ട് ഈശോയെ സ്വീകരിച്ചു. ഈശോയെ കിട്ടിയാൽ എല്ലാം ലഭിച്ചു എന്ന സന്ദേശമാണ് ക്രിസ്തുമസ്സ് നൽകുന്നത്.

ചെറിയ ജീവിതമാണെങ്കിലും ലോകത്തിന് നഷ്ടപ്പെട്ട സന്തോഷവും, സമാധാനവും നൽകാനാണ് ഈശോ വന്നത്. അത് ഇന്നത്തെ ലോകത്തിനു നൽകാൻ നമുക്ക് സാധിക്കണം. എല്ലാ ദിവസവും നമുക്ക് ക്രിസ്തുമസ് ആയിരിക്കണം. ദൈവത്തിന്റെ സ്നേഹവും, സമാധാനവും, സന്തോഷവും മറ്റുള്ളവർക്ക് പകർന്നു നൽകുന്ന ക്രിസ്തുമസ്സ്.

■




## ജന്മദിനാശംസകൾ

02 Fr. Dominic Savio
02 Fr. Francis Paravila
06 Fr. George Manoj Lobo
09 Fr. John Viani Mattuppilliyil
10 Fr. Mathew Madathil
12 Fr. Paul Denni Ramachamkudy
17 Fr. Theophine Thuruthikonam
21 Fr. Ajith Varghese Kanianthara
27 Fr. Antony Manappurath
27 Fr. Chacko Puthenpurackal

**ഫെബ്രുവരി**

## നവവൈദികരെ ആദരിച്ചു: കുമരകം



കുമരകം സെന്റ് പീറ്റേഴ്സ് ഇടവകയിൽ വിജയപുരം രൂപതയിലെ ഈ വർഷത്തെ നവവൈദികർക്ക് സ്വീകരണം നല്കി. 6–1–2019 ഞായറാഴ്ച നവവൈദികരായ ബഹു. ഫാ. റ്റിജോ മറ്റപ്പള്ളിയിൽ, ബഹു. ഫാ. ജിൻസൺ തോമസ് മറ്റുപ്പിള്ളിയിൽ എന്നിവരും വികാരി ബഹു. ഫാ. മാത്യു സുബാഷ് വ്യാക്കഴയും സംയുക്തമായി ബലിയർപ്പിച്ചു. തുടർന്നു നടന്ന സമ്മേളനത്തിൽ ഇടവക സമിതി സെക്രട്ടറി ശ്രീ. ബെൻസി പോളും സാമ്പത്തിക സമിതി കൺവീനർ ശ്രീ. ബിജു ലൂയിസും നവവൈദികരെ പൊന്നാടയണിയിച്ച് അനുമോദിച്ചു. മതബോധന ഹെഡ്മിസ്ട്രസ് ബഹു. സി. ബീന നെറ്റോയും അസി. ഹെഡ്മാസ്റ്റർ ശ്രീ. ദിവേഷ് തോമസും ഉപഹാരങ്ങൾ നല്കി അവരെ ആദരിച്ചു. ഇടവകയുടെ സ്നോഹോപഹാരം നവവൈദികർക്കു നല്കിയ ബഹു. വികാരിയച്ചൻ ഇടവകയുടെ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ബ്രദർ ജിബിൻ മുണ്ടശ്ശേരി, മതബോധന അദ്ധ്യാപകർ എന്നിവർ ആശംസകളർപ്പിച്ചു. മറുപടി പ്രസംഗത്തിൽ നവവൈദികർ ഏവർക്കും നന്ദി അറിയിക്കുകയും ദൈവവിളിയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഏവരെയും ഓർമ്മപ്പെടുത്തുകയും ചെയ്തു.

# ക്രിസ്മസ് ആഘോഷം– 2018 : കുറുമുള്ളൂർ





കുറുമുള്ളൂർ സെന്റ് മേരീസ് ഇടവക കെ.സി.വൈ.എം. യൂണിറ്റിന്റെ ആഭിമുഖ്യത്തിലുള്ള 4–ാമത് ക്രിസ്മസ് ട്രീ മത്സരം 'ബോൻനത്താലെ 2018 ' ക്രിസ്മസ് കരോൾ എന്നിവ 24–12–18 ന് നടത്തപ്പെട്ടു. വിവിധ കുടുംബ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നടന്ന ക്രിസ്മസ് ട്രീ മത്സരം ഉച്ച കഴിഞ്ഞ് 2 ന് തുടങ്ങി. വൈകുന്നരം 6.30 ന് അവസാനിച്ചു. പള്ളി അങ്കണത്തിൽ നിറഞ്ഞ മനോഹരങ്ങളായ ക്രിസ്മസ് ട്രീകൾ ക്രിസ്മസ് രാവിന് മിഴിവേകി.

തുടർന്ന് ദിവ്യബലിക്കുശേഷം ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായുള്ള ഔദ്യോഗിക മീറ്റിംങ്ങ് റവ.ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ക്രിസ്മസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട് വികാരിയച്ചൻ ക്രിസ്മസ് കേക്ക് മുറിച്ചു ഇടവക ജനങ്ങൾക്ക് നൽകി. കൂടാതെ ക്രിസ്മസ് ട്രീ മത്സരത്തിൽ സമ്മാനാർഹരായ കുടുംബയൂണിറ്റുകൾക്ക് സമ്മാനങ്ങൾ നൽകി. തുടർന്ന് സൺഡേ സ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, വിവിധ കുടുംബ യൂണിറ്റുകൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ കരോൾ ഗാനങ്ങൾ നടത്തപ്പെട്ടു. ഇത് ക്രിസ്മസ് രാവിന് സമാധാനത്തിന്റെയും ആനന്ദത്തിന്റെയും നിറക്കൂട്ടായ് മാറി.

## ക്രിസ്തുരാജാ ദൈവാലയം, മൂവാറ്റുപുഴ



**അൽക്ക ജോൺസൺ**



**ആൻസൺ വർഗ്ഗീസ്**

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ മാർഗ്ഗംകളിക്ക് ഫസ്റ്റ് 'എ' ഗ്രേഡ് നേടിയ അൽക്ക ജോൺസണും, ഉറുദു സംഘഗാനത്തിന് ഫസ്റ്റ് 'എ' ഗ്രേഡ് ലഭിച്ച ആൻസൺ വർഗ്ഗീസിനും എല്ലാവിധ അഭിനന്ദനങ്ങളും നേരുന്നു. മൂവാറ്റുപുഴ ക്രിസ്തുരാജ ഇടവകാംഗങ്ങളാണ്.

## അഭിനന്ദനങ്ങൾ



**ശ്രീ. എബി കുന്നേൽപറമ്പിൽ**



**ശ്രീ. ദേവസ്യാ ആന്റണി**

കേരളാ ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ (KLCA) സംസ്ഥാന ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട പാക്കിൽ സെന്റ് തെരേസാസ് ഇടവകാംഗം ശ്രീ. എബി കുന്നേൽപറമ്പിലിനും സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പൂവം സെന്റ് ജോസഫ്സ് ഇടവകാംഗം ശ്രീ. ദേവസ്യാ ആന്റണിക്കും (പൂവം ബേബി)ക്കും രൂപതയുടെ ഹാർദ്ദമായ അനുമോദനങ്ങൾ

# സംഘടനാ വാർത്തകൾ

## കുമളി ലൂർദ്ദ് മാതാ ഇടവകയിൽ ലത്തീൻ കത്തോലിക്കാ സമുദായ ദിനം ആചരിച്ചു

കേരളാ ലാറ്റിൻ കാത്തലിക് അസോസിയേഷൻ KLCA യുടെ നേതൃത്വത്തിൽ ലത്തീൻ കത്തോലിക്കാ സമുദായദിനം ആചരിച്ചു. 9-12-2018 ഞായറാഴ്ച ആദ്യദിവ്യബലി മധ്യേയുള്ള വായനകൾക്കും വിശ്വാസികളുടെ പ്രാർത്ഥനയ്ക്കും കാഴ്ചവയ്പ് ശുശ്രൂഷകൾക്കും കെ.എൽ.സി.എ. അംഗങ്ങൾ നേതൃത്വം നല്കി.

ദിവ്യബലിക്കുശേഷം യൂണിറ്റ് പ്രസിഡന്റും ഇടവക സമിതി സെക്രട്ടറിയുമായ ശ്രീ. ജയശീലൻ മുന്നോടിയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് സമുദായദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ചരിത്ര പശ്ചാത്തലത്തെക്കുറിച്ചും ലഘു വിവരണം നൽകിയശേഷം ഇടവക വികാരി റവ.ഫാ. വർഗ്ഗീസ് ആലുങ്കൽ കെ.എൽ.സി.എ. പതാക ഉയർത്തി.

രണ്ടാമത്തെ ദിവ്യബലിക്കുശേഷം KCYM, വിൻസെന്റ് ഡിപോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി മുതലായ സംഘടനകളുടെ ഭാരവാഹികളും, മതാധ്യാപകർ, സൺഡേക്ലാസിലെ കുട്ടികൾ, വിശ്വാസികൾ തുടങ്ങി എല്ലാവരും വികാരിയച്ചന്റെ നേതൃത്വത്തിൽ പള്ളിയിൽ നിന്നും മുത്തുക്കുടകളും കൊടികളുമേന്തി വാഹനാകമ്പടിയോടെ KLCA മുദ്രാവാക്യം മുഴക്കിക്കൊണ്ട് കുമളി- ഹോളിഡേ ഹോം ജംഗ്ഷൻവരെ റാലിയായിപ്പോയി തിരികെ പള്ളിയിലെത്തി. എല്ലാവർക്കും മിഠായി വിതരണം ചെയ്തു.

റവ.ഫാ. വർഗ്ഗീസ് ആലുങ്കൽ, സർവ്വശ്രീ ജയശീലൻ മുന്നോടിയിൽ, ജയിംസ് ചൊക്കംതയ്യിൽ, നിജി പള്ളിക്കൽ, പ്രിൻസ് അമ്പലത്തിങ്കൽ, മൈക്കിൾ രാജ്, റോയ് പാലത്തിങ്കൽ, അലക്സ്, ശവരിയാർ, ഫ്രാൻസിസ് മാളിയേക്കൽ, ജോയി വയലിങ്കൽ, അജിരാജു, വർഗ്ഗീസ്, ടോണി, റോബിൻ തുണ്ടിപ്പറമ്പിൽ, ജയ്മാമൂട്ടിൽ, ഇടവക സമിതിയംഗങ്ങൾ, സംഘടനാ പ്രവർത്തകർ, മതാദ്ധ്യാപകർ, സിസ്റ്റേഴ്സ് എന്നിവർ പരിപാടികൾക്കും റാലിക്കും നേതൃത്വം നൽകി. യൂണിറ്റ് പ്രസിഡന്റ് എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് വിവിധ സ്ഥലങ്ങളിൽ KLCA പതാക ഉയർത്തി.

ഡിസംബർ 9ന് സംസ്ഥാന തലത്തിൽ തിരുവനന്തപുരത്തു നടന്ന ലത്തീൻ കത്തോലിക്കാ സമുദായദിനാഘോഷ പരിപാടികളിൽ KLCA വിജയപുരം രൂപതാ വൈസ് പ്രസിഡന്റ് ശ്രീ. കെ.ജെ. സേവ്യർ, രൂപത എക്സിക്യൂട്ടീവ് അംഗവും സംസ്ഥാന കൗൺസിൽ അംഗവുമായ ശ്രീ. പൗലോസ് കണ്ടത്തിപ്പറമ്പിൽ എന്നിവർ ഇടവക പ്രതിനിധികളായി സംബന്ധിച്ചു.

# ലീജിയൻ ഓഫ് മേരി വിജയപുരം കൊമ്മീസിയം 42–ാമത് വാർഷികം



**2018** ഡിസംബർ 15 ശനിയാഴ്ച ഗുഡ്ഷെപ്പേർഡ് കാർമ്മൽ ഹാളിൽ 9.30ന് രജിസ്ട്രേഷനോടുകൂടി ലീജിയൻ ഓഫ് മേരി വിജയപുരം കൊമ്മിസിയത്തിന്റെ 42–ാമത് വാർഷിക സമ്മേളനം ആരംഭിച്ചു. 9.45 ന് ഗുഡ്ഷെപ്പേർഡ് ഫൊറോന വികാരി റവ.ഫാ. ബേസിൽ പാദുവ ഒ.സി.ഡി. പതാകയുയർത്തി. തുടർന്ന് പ്രാരംഭ പ്രാർത്ഥനയും ജപമാലയും നടത്തി. വടവാതൂർ ഇടവക ലീജിയൻ അംഗം ശ്രുതി ഷാജിയുടെ ഈശ്വരപ്രാർത്ഥനയോടെ വാർഷിക സമ്മേളനത്തിനു തുടക്കമായി. കൊമ്മീസിയം സ്പിരിച്ചൽ ഡയറക്ടർ റവ. ഫാ. ജോർജ്ജ് ജോൺ മേരിമംഗലം എല്ലാവരെയും മീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു. സെക്രട്ടി സി. സൂസൻ വിജയൻ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് വിജയപുരം രൂപതാ മെത്രാൻ അഭിവന്ദ്യ ഡോ. സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. ദൈവാനുഗ്രഹത്തിന്റെ കുറവിന്റെ കാരണം വിശ്വാസമില്ലായ്മയാണ്. വിശ്വാസികളെന്നു പറയുകയും നമ്മുടെ പ്രവർത്തനങ്ങളിൽ അതില്ലാതെ പോകുകയും ചെയ്യുന്നത് ശരിയല്ല. പ. മറിയം എല്ലാവരെയും ക്രിസ്തുവിലേക്ക് നയിക്കുകയാണ്, അതുപോലെ ക്രിസ്തുവിന്റെ പടയാളികളായ ഓരോ ലീജിയൻ അംഗവും പരി. കുർബാനയുടെ ആരാധകരാകുകയും പരി. അമ്മയെ അനുകരിക്കുകയും ചെയ്യണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ അഭിവന്ദ്യപിതാവ് ഉദ്ബോധിപ്പിച്ചു. കൊമ്മീസിയം പ്രസിഡന്റ് മേരി മാത്യു അദ്ധ്യക്ഷയായിരുന്നു. മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഗുഡ്ഷെപ്പേർഡ് വികാരി റവ.ബേസിൽ പാദുവ, സെനാത്തൂസ് പ്രസിഡന്റ് റവ. ഫാ. ജോർജ്ജ് മനോജ് ലോബോ, വിൻസെന്റ് ഡിപ്പോൾ സെൻട്രൽ കൗൺസിൽ വൈസ് പ്രസിഡന്റ് ശ്രീ. പി.എം. രാജേഷ്, നല്ലയിടയൻ കൂട്ടായ്മ സമിതി ലീഡർ ബ്രദർ പി.എം. സേവ്യർ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വിവിധ പ്രസീദിയങ്ങൾ നടത്തിയ കലാപരിപാടികൾക്കു ശേഷം വി. കുർബാന അർപ്പിക്കപ്പെട്ടു. 300ൽ പരം അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു. കൊമ്മീസിയം ട്രഷറർ സി. അന്നമ്മ മാത്യു ജ്ഞാനവായനയും കൊമ്മീസിയം കറസ്പോൺഡന്റ് സി. പെണ്ണമ്മ ജോസഫ് മണ്ണയ്ക്കനാട് കൃതജ്ഞതയുമർപ്പിച്ചു. സ്നേഹവിരുന്നോടെ വാർഷികാഘോഷങ്ങൾ സമാപിച്ചു.

# ലീജിയൻ ഓഫ് മേരി

## സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയം, ചാത്തൻതറ



**ചാ**ത്തൻതറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ ലീജിയൻ ഓഫ് മേരി പ്രസീദിയം 13-01-19 ഞായറാഴ്ച ഇടവക വികാരി ബഹു. ആഗ്നലച്ചന്റെ അദ്ധ്യക്ഷതയിൽ രൂപതാ ഡയറക്ടർ പെരി. ബഹു. ജോർജ്ജ് ജോൺ മേരി മംഗലം അച്ചൻ ഉദ്ഘാടനം ചെയ്തു.

ലിൻസി ജോയി മുകളത്ത് എല്ലാവരേയും മീറ്റിംഗിലേക്ക് സ്വാഗതം ചെയ്തു. പെ. ബഹു. മേരിമംഗലം അച്ചൻ ഈ സംഘടനയുടെ ഉത്ഭവം, ഉദ്ദേശം, പ്രവർത്തനങ്ങൾ എന്നിവയെപ്പറ്റി വിശദീകരിച്ചു. ഈ പ്രസീദിയ ത്തിന് 'ഉഷകാലനക്ഷത്രം' എന്ന് നാമകരണം ചെയ്തു. പ്രസിഡന്റായി ഉഷാ കുന്നുംപുറവും, സെക്രട്ടറിയായി അന്നാ മഞ്ജു വെള്ളക്കല്ലുങ്കലും ഖജാൻജിയായി ഏലിയാമ്മ കുളപ്പുറവും തെരഞ്ഞെടുക്കപ്പെട്ടു.

ബഹു. ആഗ്നലച്ചൻ ഓരോ ഇടവകയുടെയും നിലനിൽപ്പ് ഭക്തസംഘട നകളാണെന്നും മരിയഭക്തി മറ്റുള്ളവരിലേയ്ക്ക് എത്തിക്കാനും നല്ല പ്രവർത്തനം കാഴ്ചവയ്ക്കുവാനും ലീജിയൻ ഓഫ് മേരി സംഘടനയ്ക്ക് കഴിയട്ടെയെന്ന് ആശംസിച്ചു. 30 പേർ പങ്കെടുത്ത മീറ്റിംഗിന് പ്രസിഡന്റ് ഉഷാ കുന്നുംപുറം നന്ദി പറഞ്ഞു. പെ. ബഹു. ജോർജ്ജ് ജോൺ മേരിമം ഗലം അച്ചന്റെ ആശീർവാദത്തോടെ യോഗം സമാപിച്ചു.



രൂപതാ കെ.സി.എസ്.എൽ. സംഗമത്തോടനുബന്ധിച്ച് ബലിയർപ്പിച്ചതിനു ശേഷം അഭിവന്ദ്യ പിതാവ് കുട്ടികളോടൊത്തു വിമലഗിരി കത്തീഡ്രലിൽ.

# കരിമണൽ ഖനനം നിർത്തിവച്ച് ആലപ്പാടിനെ പുനർനിർമ്മിക്കുക

## കെ.സി. വൈ.എം. വിജയപുരം രൂപത



**ക**രിമണൽ ഖനനം മൂലം ഇല്ലാതായിക്കൊണ്ടിരിക്കുന്ന ആലപ്പാടിന്റെ രക്ഷയ്ക്കായി ഖനനം പൂർണ്ണമായും നിർത്തിവയ്ക്കുകയും ആലപ്പാടിന്റെ പുനർനിർമ്മാണത്തിനായി സർക്കാർ അടിയന്തര ശ്രദ്ധ ചെലുത്തണമെന്ന് കെ.സി.വൈ.എം. വിജയപുരം രൂപത വാർഷിക സെനറ്റ് ആവശ്യപ്പെട്ടു. വർദ്ധിച്ചുവരുന്ന ഹർത്താലുകൾക്ക് കേരളം വേദിയാകുന്നത് അത്യന്തം ആശങ്കാജനകമാണെന്ന് സമ്മേളനം വിലയിരുത്തി. ജനുവരി 25, 26, 27 തീയതികളിൽ കോട്ടയം വിമലഗിരി പാസ്റ്ററൽ സെന്ററിൽവെച്ചു രൂപതാ സെനറ്റ് സമ്മേളനത്തിൽ രൂപതാ പ്രസിഡന്റ് തോമസ് കുര്യൻ അദ്ധ്യക്ഷത വഹിച്ചു. രൂപത ചാൻസിലർ മോൺസിഞ്ഞോർ ജോസ് നവാസ് ഉദ്ഘാടനം ചെയ്തു. രൂപതാ വികാരിജനറാൾ മോൺ. ജെസ്റ്റിൻ മഠത്തിൽപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. കെ.സി.വൈ.എം. സംസ്ഥാന വൈസ്പ്രസിഡന്റ് ജോസ് റാൽഫ്, കെ.സി.വൈ.എം. വരാപ്പുഴ അതിരൂപതാ പ്രസിഡന്റ് ആന്റണി ജൂഡി എന്നിവർ സെനറ്റിനെ അഭിസംബോധന ചെയ്തു. പ്രളയ ദുരിതാശ്വാസ പ്രവർത്തനവേളയിൽ ധീരമായ നേതൃത്വം കാഴ്ചവച്ച കാട്ടാംമ്പാക്ക് യുണിറ്റ് പ്രസിഡന്റ് സോണി പോളിനെ പൊന്നാട അണിയിച്ച് ആദരിച്ചു. ഡയറക്ടർ ഫാ. ജോൺ വിയാനി, ഫാ. സജി പൂവത്തുകാട്, കോട്ടയം മേഖലാ പ്രസിഡിന്റ് ജെബി ജോർജ്ജ്, ജോസ് വർക്കി, വിദ്യ ജോസഫ്, വർഗ്ഗീസ് മൈക്കിൾ എന്നിവർ സംസാരിച്ചു. ഹർത്താലുകൾ നിയമം മൂലം നിരോധിക്കുക, ആലപ്പാട്ടെ കരിമണൽ ഖനനം നിർത്തിവയ്ക്കുക എന്നീ പ്രമേയങ്ങൾ യോഗം പാസാക്കി. 2019 പ്രവർത്തന വർഷത്തെ ഭാരവാഹികളെ സമ്മേളനത്തിൽവച്ച് തിരഞ്ഞെടുത്തു.

ഭാരവാഹികൾ – പ്രസിഡന്റ് അരുൺ തോമസ് (പെരുവ), ജനറൽസെക്രട്ടറി സുബിൻ കെ. സണ്ണി (മഠത്തുഭാഗം), വൈസ് പ്രസിഡന്റുമാർ



അരുൺ തോമസ്



സുബിൻ കെ. സണ്ണി

ആൽഫിറ്റ ആന്റണി (മാരാമൺ), ബിനു ജോസഫ് (പൊടിമറ്റം), സെക്രട്ടറി മാർ സോന സാബു (പൊടിമറ്റം), അജിത് അൽഫോൺസ് (കുട്ടിക്കാനം), ഖജാൻജി ആശിഷ് വർഗ്ഗീസ് (വടവാതൂർ), സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ - വർഗീസ് മൈക്കിൾ (വടവാതൂർ), ഡെനിയ ജയൻ (കാഞ്ഞിരപ്പള്ളി). യൂത്ത് കൗൺസിൽ പ്രതിനിധി ഡൈന ഹന ജയൻ (കാഞ്ഞിരപ്പാറ) എന്നിവരെ തിരഞ്ഞെടുത്തു. സെക്രട്ടറി വിദ്യ ജോസഫ് സ്വാഗതവും ജനറൽ സെക്രട്ടറി ജോസ് വർക്കി നന്ദിയും പറഞ്ഞു.



അഭിവന്ദ്യ അംബ്രോസ് അബസോളാ പിതാവിന്റെ ചരമവാർഷിക ദിനത്തിൽ വിമലഗിരി കത്തീഡ്രലിൽ നടന്ന അനുസ്മരണാ ശുശ്രൂഷ.



"ക്രൈസ്തവ വിവാഹത്തിലുള്ള ഐക്യവും വിശ്വസ്തതയും ലോകത്തിനു മുമ്പിൽ യഥാർത്ഥ സ്നേഹത്തിന്റെ മാതൃകയായി ഭവിക്കും." ക്രിസ്തീയ ദമ്പതികളുടെ സുദൃഢമായ ഐക്യവും വിശ്വസ്തതാപൂർണ്ണമായ സ്നേഹവും ദൈവത്തിന്റെ രൂപവും സാദൃശ്യവുമാണ് പ്രതിഫലിപ്പിക്കുന്നത്. ജനുവരി 29-ന് വത്തിക്കാന്റെ പരമോന്നത കോടതിയായ Roman Rota അംഗങ്ങൾക്ക് വാർഷിക സന്ദേശം നൽകുകയായിരുന്നു ഫ്രാൻസിസ് പാപ്പ.

# വി.എസ്.എസ്.എസ്. വാർത്തകൾ



വി-ഷെയർ പദ്ധതി ഗുണഭോക്തൃസംഗമം - കോട്ടയം മേഖല



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കുടുംബക്ഷേമ പദ്ധതികളിലൊന്നായവി-ഷെയർ പദ്ധതിയിൽ അംഗമായിരിക്കുന്നവരുടെ കോട്ടയം മേഖലാ കുടുംബസംഗമവും ക്രിസ്മസ് ആഘോഷവും അമലനിലയത്തിൽ സൊസൈറ്റി ഡയറക്ടർ ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉദ്ഘാടനം ചെയ്തു. ക്രിസ്മസ്മംഗളം നേർന്ന അദ്ദേഹം അഭിവന്ദ്യ പിതാവിനാൽ രൂപീകൃതമായ പദ്ധതിയുടെ ചരിത്രവും പ്രവർത്തനരീതികളും വിശദീകരിച്ചു. പദ്ധതിയിൽ അംഗമായിരിക്കുന്നവർ തങ്ങളുടെ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് ഉപകരിക്കുംവിധം പദ്ധതി പ്രയോജനപ്പെടുത്തണമെന്നും നിർദ്ദേശിച്ചു. തുടർന്ന് സംസാരിച്ച അസി.ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ ഓരോ ഗുണഭോക്താവും മറ്റുള്ളവരെസഹായിക്കാൻ തക്ക മനസ്സുംകരുത്തും ഉള്ളവരായി മാറണം എന്ന് പറഞ്ഞു. പ്രൊജക്ട് ഓഫീസർ കെ.പി.ജോൺ, കുടുംബ ബഡ്ജറ്റ് പരിചയപ്പെടുത്തി. കോ-ഓർഡിനേറ്റർ സി.സൂസൻ പദ്ധതിയുടെ വിവിധ ഘടകങ്ങളേക്കുറിച്ച്സംസാരിച്ചു. 39 കുടുംബങ്ങൾ പങ്കെടുത്തു.

മുണ്ടക്കയം മേഖലാ കുടുംബ സംഗമവും ക്രിസ്മസ് ആഘോഷവും അസി. ഡയറക്ടർ ഫാ.ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ക്രിസ്തീയ സ്നേഹത്തിലൂന്നിയ പങ്കുവെയ്ക്കലാണ് പദ്ധതിയെന്ന് അദ്ദേഹം സൂചിപ്പിച്ചു. വി.എസ്.എസ്.എസ് സി.ഡി.ഒമൈക്കിൾ ഡിക്രൂസ്, സിസ്റ്റർ സൂസൻ എന്നിവർ പ്രവർത്തനങ്ങൾ വിശദീകരിച്ചു. 46 കുടുംബങ്ങൾ പങ്കെടുത്തു.

# ജീവനോപാധികളുടെ വിതരണം




തയ്യൽ മെഷീൻ വിതരണം - വനവാതുക്കര



കന്നുകാലിവിതരണം - വനവാതുക്കര

പ്രളയദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ടവർക്കായി വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി, കാരിത്താസ് ഇൻഡ്യയുമായി ചേർന്നു നടപ്പിലാക്കുന്ന പ്രത്യേക പാക്കേജിന്റെ ഭാഗമായി നൽകുന്ന തയ്യൽ മെഷീൻ, കന്നുകാലികൾ എന്നിവയുടെ തിരുവല്ല മേഖലയിലെ വിതരണോദ്ഘാടനം വനവാതുക്കര ലിറ്റിൽ ഫ്ളവർ ഓഡിറ്റോറിയത്തിൽ നടന്നു. ഇതിനോടനുബന്ധിച്ച്ചേർന്ന സമ്മേളനം ജനകീയവികസന സമിതി സെക്രട്ടറി ജൂലിയറ്റിന്റെ അദ്ധ്യക്ഷതയിൽ പാണ്ടനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശിവൻകുട്ടി ഐലാരത്തിൽ ഉദ്ഘാടനം ചെയ്തു. വി.എസ്.എസ്.എസ് അസി. ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യ പുറത്തേപ്പറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. പ്രോഗ്രാംകോ-ഓർഡിനേറ്റർ ജോൺ ജോസഫ്, ആനിമേറ്റർ അന്നമ്മ പീറ്റർ എന്നിവർ സംസാരിച്ചു.

## സൗജന്യ നേത്ര പരിശോധന ക്യാമ്പ്



കാഞ്ഞിരപ്പാറ ജനകീയവികസന സമിതി, കാരിത്താസ് ചൈതന്യ കണ്ണാശുപത്രി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച സൗജന്യ നേത്രപരിശോധനാ ക്യാമ്പ് ഫാ. സേവ്യർ ചെറുനെല്ലാടി ഉദ്ഘാടനം ചെയ്തു. വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം 99 പേരുടെ നേത്രപരിശോധന നടത്തുകയും തുടർ ചികിത്സ ആവശ്യമുള്ളവരെ ശുപാർശ ചെയ്യുകയും ചെയ്തു. പി.ഡി.സി അംഗങ്ങൾ, ആശാകിരണം പ്രവർത്തകർ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## ഓപ്പൺ ഹൗസ്

കുമരകം ഗ്രാമപഞ്ചായത്ത്, കോട്ടയം ചൈൽഡ്‌ലൈൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നാരകത്തറ എസ്.എൻ.ഡി.പി ഓഡിറ്റോറിയത്തിൽ പഞ്ചായത്തിലെ 5,6,7,8 വാർഡുകളിലുള്ള കുട്ടികളുടെ വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും, ചൈൽഡ് ലൈൻ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനുമായിഓപ്പൺ ഹൗസ്(തുറന്ന ചർച്ച) സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സലിമോൻ ഒ.റ്റി കുമരകം പൊലീസ്അസി. സബ് ഇൻസ്പെക്ടർ രാജേന്ദ്രൻ, ചൈൽഡ്‌ലൈൻ കോ-ഓർഡിനേറ്റർ മാത്യു ജോസഫ് എന്നിവർ ചർച്ചയ്ക്ക് നേതൃത്വം നല്കി. പ്രദേശത്ത് കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ അവർ ശ്രദ്ധയിൽ പെടുത്തുകയും അവയിൽ ചിലത് ഉടൻ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ചൈൽഡ്‌ലൈൻ അംഗം രഞ്ചിത്ത് ടോം പ്രവർത്തനങ്ങൾ വിശദീകരിച്ചു.135 കുട്ടികൾ പങ്കെടുത്തു.

### ആശാകിരണം കാൻസർ സാന്ത്വന പദ്ധതിയിലേയ്ക്ക് വിവിധ ഇടവകവികസന സമിതികൾ ശേഖരിച്ച് നൽകിയതുക

ചങ്ങനാശ്ശേരി 8270.00, വൈശ്യംഭാഗം 500.00, പെരുവ 2089.00, പാല 430.00, മാരാമൺ 1650.00, പൂവം 5300.00, ഇലയ്ക്കാട് 1100.00

**ചികിത്സാസഹായം നൽകിയത്**

ആണ്ടൂർ - 10000.00

# ആശാകിരണം മേഖലായോഗം

ആശാകിരണം സന്നദ്ധപ്രവർത്തകയോഗം-ആണ്ടൂർ



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കാൻസർ സാന്ത്വന പദ്ധതിയായ ആശാകിരണത്തിന്റെ പട്ടിത്താനം മേഖലയിലെ സന്നദ്ധ പ്രവർത്തകയോഗം ആണ്ടൂരിൽ നടന്നു. മേഖലാ പ്രസിഡന്റ് ഫാ. ജോഷി പുതുപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽവി.എസ്.എസ്.എസ്ആരോഗ്യവിഭാഗം സി.ഡി.ഒ പ്രമീല ജോർജ്ജ് ക്ലാസ്സ് നയിക്കുകയും പ്രവർത്തന വിലയിരുത്തൽ നടത്തുകയും ചെയ്തു. സിന്ധു ടോമി സ്വാഗതവും, സജു മാർക്കോസ് നന്ദിയും രേഖപ്പെടുത്തി. 27 പേർ പങ്കെടുത്തു.





ആശാകിരണം പദ്ധതിയുടെ ധനസമാഹരണത്തിന്റെ ഭാഗമായി
കുറുമുള്ളൂർസെന്റ്മേരീസ്ദേവാലയ തിരുന്നാളിനോടനുബന്ധിച്ച്
സന്നദ്ധപ്രവർത്തകർ നടത്തിയ ഭക്ത സാമഗ്രികളുടെ വില്പന കേന്ദ്രം

# POSTINFO

4G വേഗത്തിൽ മുന്നോട്ട് കുതിക്കുന്ന ഈ ടെക്നോളജി യുഗത്തിൽ 164 വർഷത്തെ പാരമ്പര്യമുള്ള ഇന്ത്യാ പോസ്റ്റും കൂടുതൽ ജനകീയമാവുകയാണ്. ടെക്നോളജിയുടെ സഹായത്തോടെ കൃത്യതയാർന്ന തപാൽ വിതരണവും, ജനകീയമായ ലഘുസമ്പാദ്യ പദ്ധതികളും, ലാഭകരമായ ഇൻഷുറൻസ് പദ്ധതികളുമായി എന്നും ജനപക്ഷത്തു നിൽക്കുന്ന ഈ ഡിപ്പാർട്ട്മെന്റ് പുതുതായി അവതരിപ്പിച്ച മൊബൈൽ ആപ്ലിക്കേഷന് ആണ് Postinfo.

രജിസ്റ്റേർഡ് പോസ്റ്റ്, സ്പീഡ് പോസ്റ്റ് മുതലായവ ട്രാക്ക് ചെയ്ത് അവയുടെ ഓരോ നീക്കവും സസൂക്ഷ്മം വീക്ഷിക്കുവാനും, ലഘു സമ്പാദ്യ പദ്ധതികളുടെ പലിശ നിരക്കുകൾ അറിയുവാനും, തപാൽ ഇൻഷുറൻസിന്റെ പ്രീമിയം തുക കണക്കാക്കുവാനും, ഇന്ത്യാ പോസ്റ്റ് നൽകുന്ന ഇതര സേവനങ്ങളുടെ നിരക്കുകൾ അറിയുവാനും ഈ ലളിതമായ ആപ്ലിക്കേഷൻ കൊണ്ട് സാധിക്കും. ഗൂഹിൾ പ്ലേ സ്റ്റോറിൽ നിന്നും Postinfo ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വളരെ വേഗം ഡൗൺലോഡ് ചെയ്യാം. ഇതിന്റെ വിൻഡോസ്‌വേർഷനും ലഭ്യമാണ്.

കൃത്യതയാർന്ന തപാൽ വിതരണത്തിന് ഏറ്റവും അത്യന്താപേക്ഷിതമായിട്ടുള്ള ഒന്നാണ് കൃത്യമായ പിൻകോഡുകൂടിയ മേൽവിലാസം. കത്ത് അയയ്ക്കേണ്ട ആളുടെ മേൽവിലാസം അറിയാമെങ്കിലും പലപ്പോഴും പിൻകോഡ് നമ്മളെ കുഴയ്ക്കുന്ന ഒന്നാണ്. എന്നാൽ Postinfo ആപ്ലിക്കേഷൻ മുഖേന ഇന്ത്യയൊട്ടാകെയുള്ള ഏത് പോസ്റ്റ് ഓഫീസിന്റെയും ഫോൺ നമ്പർ, ആ ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രധാന സ്ഥലങ്ങൾ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ജില്ല മുതലായ വിവരങ്ങളും ഈ ഒറ്റ ആപ്ലിക്കേഷനിലൂടെ ലഭ്യമാകുന്നു.

അതെ, ഇന്ത്യാ പോസ്റ്റ് നിങ്ങളുടെ ഉള്ളം കയ്യിൽ - ഇന്ന് തന്നെ Postinfo ഡൗൺലോഡ് ചെയ്യു - മാറ്റത്തിൽ പങ്കാളികളാവൂ.

**കെ.കെ. ഡേവിഡ്**
*സീനിയർ സൂപ്രണ്ട്, ആർ.എം.എസ്.*

## തിരുഹൃദയവർഷം പ്രമാണിച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ പിതാവ് വെഞ്ചരിപ്പുകർമ്മം നടത്തിയ ഭവനങ്ങൾ



ഇടുക്കി വൈദിക വസതി
ആശീർവ്വാദം



ഇടുക്കി സി.റ്റി.സി. കോൺവെന്റ്
ആശീർവ്വാദം



മുണ്ടക്കയം സെന്റ് ജോസഫ്സ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന വിജയപുരം കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി വാർഷികം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

## തിരുബാലസഖ്യദിനം



"ശിശുക്കൾ എന്റെ അടുത്തു വരാൻ അനുവദിക്കുവിൻ : അവരെ തടയരുത്. എന്തെന്നാൽ, ദൈവരാജ്യം അവരേപ്പോലെയുള്ളവരുടേതാണ്." (ലൂക്ക 18:16)



# അഭിവന്ദ്യ പിതാവിന്റെ
## ഫെബ്രുവരി മാസ പരിപാടികൾ

| | | | | |
|---|---|---|---|---|
| 01 | വെള്ളി | | - | PPD |
| 02 | ആദ്യശനി | 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| | | 11.00 am | - | പൗരോഹിത്യ രജത ജൂബിലി<br>സെന്റ് ജോസഫ്സ് ചർച്ച്, പ്രപ്പോസ്, എരുമേലി |
| 08 | വെള്ളി | | - | PPD |
| 09 | ശനി | 10.30 am | - | രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ്<br>വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം |
| 11 | തിങ്കൾ | 3.00 pm | - | KRLCC രൂപതാതല മീറ്റിംഗ്<br>വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം |
| 12-13 | | | - | കാനൽ ലോ സൊസൈറ്റി ഓഫ് കേരള ജനറൽ<br>ബോഡി മീറ്റിംഗ്, കോവളം |
| 14 | വ്യാഴം | 4.00 pm | - | ദിവ്യബലി, കോട്ടയം ബൈബിൾ കൺവെൻഷൻ<br>സെന്റ് ആന്റണീസ് തിരുശേഷിപ്പ് തീർത്ഥാടന കേന്ദ്രം,<br>നാഗമ്പടം |
| 15-17 | | | - | KRLCBC & KRLCC, പുനലൂർ |
| 20-21 | | | - | ത്രൈമാസ സമ്മേളനം<br>വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം |
| 22 | വെള്ളി | | - | PPD |
| 23 | ശനി | 10.30 am | - | വി.എസ്.എസ്.എസ്. ജനറൽ ബോഡി മീറ്റിംഗ്,<br>കോട്ടയം |
| 27 | ബുധൻ | 3.00 pm | - | ദിവ്യബലി, ദൈവാലയ ആശീർവാദം<br>സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചീന്തലാർ |
| 28 | വ്യാഴം | 3.00 pm | - | ദിവ്യബലി, ദൈവാലയ ആശീർവാദം<br>സെന്റ് ഫ്രാൻസിസ് ചർച്ച്, ശബരിമല. |


SOUTH INDIAN Bank
SIB Savings Account


Need a vehicle?
Vehicle loans from CSB
We realize that India's growing population and economy requires better means of transport. Be it Companies, Firms, Educational Institutions, Hospitals or Individuals, we help finance your purchase. Our loans are hassle free and the interest rates competitive. We help when you need it the most.
Loans available for individuals and organizations
Loans available for purchase of new and used vehicles
Special scheme for HNI's
Equated Monthly Installments (EMI)
Call: 1800 266 9090
www.csb.co.in
CSB... Support all the way
Catholic Syrian Bank
CSB

FEBRUARY 2019
Vol. 12 • Issue 2
Published on
1st February 2019

vijayapuradhuthu
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA


# മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



## ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway**
TECHNOLOGIES PVT. LTD.

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

ENVIRONMENTAL CONSULTANTS & MANUFACTURES OF:
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS


Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180